www.societytodaynews.com

2026 JANUARY 02 FRIDAY

# സൊസൈറ്റി ടുഡേ

SOCIETY TODAY e-paper




# 'വോയിസ് ഓവർ വൈഫൈ' തുടക്കം കുറിച്ച് ബിഎസ്എൻഎൽ

**തിരുവനന്തപുരം:** രാജ്യത്തെ പ്രമുഖ പൊതുമേഖല ടെലികോം സേവനദാതാക്കളായ ഭാരത് സഞ്ചാർ നിഗം ലിമിറ്റഡ് (ബിഎസ്എൻഎൽ) വൈഫൈ കോളിങ് എന്നറിയപ്പെടുന്ന വോയിസ് ഓവർ വൈഫൈ (VoWiFi) സേവനത്തിന് പുതുവർഷത്തിൽ തുടക്കം കുറിച്ചു. ഈ അത്യാധുനിക സേവനം  രാജ്യത്തെ എല്ലാ ടെലികോം മേഖലകളിലെയും ബിഎസ്എൻഎൽ ഉപഭോക്താക്കൾക്ക് ഇപ്പോൾ ലഭ്യമാണെന്ന് ബിഎസ്എൻഎൽ അധികൃതർ വ്യക്തമാക്കി. മൊബൈൽ സിഗ്നൽ ലഭിക്കാൻ പ്രയാസമുള്ള സ്ഥലങ്ങളിൽപോലും നിലവാരം കൂടിയ നെറ്റ്‌വർക്ക് ലഭ്യത തടസരഹിതമായി ഈ സംവിധാനത്തിലൂടെ ഉറപ്പാക്കുന്നുവെന്നും അധികൃതർ വ്യക്തമാക്കി.

രാജ്യത്തെ എല്ലാ ടെലികോം സർക്കിളുകളിലെയും ബിഎസ്എൻഎൽ ഉപഭോക്താക്കൾക്ക് സേവനം ഇപ്പോൾ ലഭ്യമാണ്. വൈഫൈ നെറ്റ്‌വർക്ക് ഉപയോഗിച്ച് വോയിസ് കോളുകൾ വിളിക്കാനും കോളുകൾ സ്വീകരിക്കാനും  സന്ദേശങ്ങൾ അയയ്ക്കാനും ഈ സംവിധാനത്തിലൂടെ സാധിക്കുന്നു. വീടുകളിലും ഓഫീസുകളിലും ബേസ്മെന്റുകളിലും ഉൾപ്രദേശങ്ങളിലും മൊബൈൽ സിഗ്നൽ ദുർബലമാണെങ്കിലും വ്യക്തവും വിശ്വസനീയവുമായ കണക്റ്റിവിറ്റി ഇതിലൂടെ ഉറപ്പാക്കുന്നു.

വൈഫൈ, മൊബൈൽ ശൃംഖലകൾക്കിടയിൽ തടസമില്ലാതെ നെറ്റ്‌വർക്ക് കൈമാറ്റം സാധ്യമാക്കുന്ന ഐ.എം.എസ്  അധിഷ്ഠിത സേവനമാണ് വോയ്സ് ഓവർ വൈഫൈ. ഉപഭോക്താവിന്റെ നിലവിലെ മൊബൈൽ നമ്പറും ഫോൺ ഡയലറും ഉപയോഗിച്ച് തന്നെ കോളുകൾ വിളിക്കാനാവും.  ഇതിന് മറ്റ് ആപ്ലിക്കേഷനുകളുടെ ആവശ്യമില്ല. ബിഎസ്എൻഎൽ ഭാരത് ഫൈബറോ മറ്റ് ബ്രോഡ്ബാൻഡ് സേവനങ്ങളോ വഴി സ്ഥിരതയാർന്ന വൈഫൈ കണക്ഷൻ ലഭ്യമായ സാഹചര്യങ്ങളിൽ മൊബൈൽ നെറ്റ്‌വർക്ക് ലഭ്യത പരിമിതമായ ഗ്രാമപ്രദേശങ്ങളിലും ഉൾപ്രദേശങ്ങളിലും ഈ സേവനം ഏറെ പ്രയോജനകരമാണ്.

നെറ്റ്‌വർക്കിലെ തിരക്ക് കുറയ്ക്കാൻ സഹായിക്കുന്ന ഈ സേവനം വൈഫൈ കോളുകൾക്ക് അധിക നിരക്കുകൾ ഈടാക്കാതെ സൗജന്യമായാണ് നൽകുന്നത്.
വൈഫൈ കോളിങിന് തുടക്കം കുറിച്ചത്  ബിഎസ്എൻഎൽ ശൃംഖല നവീകരണ പദ്ധതിയിലെ സുപ്രധാന  ചുവടുവെപ്പാണെന്നും അധികൃതർ വ്യക്തമാക്കി.

രാജ്യത്ത്  സേവനലഭ്യത കുറഞ്ഞ പ്രദേശങ്ങളിലടക്കം നെറ്റ്‌വർക്ക് ലഭ്യത മെച്ചപ്പെടുത്താൻ  ബിഎസ്എൻഎൽ കൈക്കൊള്ളുന്ന പ്രതിബദ്ധതയുടെ ഭാഗമാണിത്. മിക്ക ആധുനിക സ്മാർട്ട്ഫോണുകളിലും വൈഫൈ കോളിങ് സംവിധാനം ലഭ്യമാണ്. ഉപഭോക്താക്കൾ അവരുടെ മൊബൈൽ ഫോണുകളിൽ  ഇത്  പ്രവർത്തനസജ്ജമാക്കിയാൽ  മാത്രം മതി. സേവനം ലഭ്യമാകുന്ന ഉപകരണങ്ങൾ സംബന്ധിച്ച വിവരങ്ങൾക്ക് സമീപത്തെ ബിഎസ്എൻഎൽ ഉപഭോക്തൃ സേവന കേന്ദ്രങ്ങൾ  സന്ദർശിക്കുകയോ ബിഎസ്എൻഎൽ ഹെൽപ്‌ലൈൻ നമ്പർ 18001503ൽ ബന്ധപ്പെടുകയോ ചെയ്യാമെന്നും അധികൃതർ വ്യക്തമാക്കി

## ഐ.ഐ.ഐ.സി–ഐ.ആർ.ഇ.എൽ സംയുക്ത ധാരണാ പത്രം ഒപ്പിട്ടു

■ പ്ലസ്ടു വിജയിച്ച  വനിതകൾക്ക് പൂർണമായും സൗജന്യ പരിശീലനമാണ് ലഭിക്കുക.

**തിരുവനന്തപുരം:** സംസ്ഥാന  തൊഴിൽ വകുപ്പിന് കീഴിൽ കൊല്ലം ചവറയിൽ പ്രവർത്തിക്കുന്ന ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ ആൻഡ് കൺസ്ട്രക്ഷനും, ചവറയിൽ തന്നെ പ്രവർത്തിക്കുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഐ.ആർ.ഇ.എൽ (ഇന്ത്യ) ലിമിറ്റഡും  25 വനിതകൾക്കുള്ള സൗജന്യ സ്ത്രീ ശാക്തീകരണ തൊഴിൽ നൈപുണ്യ പരിശീലന പദ്ധതി നടപ്പിലാക്കുവാൻ ധാരണാ പത്രത്തിൽ ഒപ്പു വച്ചു. സർട്ടിഫിക്കറ്റ് പ്രോഗ്രാം ഇൻ ഫുഡ് പ്രൊഡക്ഷൻ (കോമീസ് ഷെഫ്) എന്ന ആറു മാസം ദൈർഘ്യമുള്ള സൂപ്പർവൈസറി പരിശീലനമാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പ്ലസ്ടു വിജയിച്ച  വനിതകൾക്ക് പൂർണമായും സൗജന്യ പരിശീലനമാണ് ലഭിക്കുക. ടാറ്റ  കമ്മ്യൂണിറ്റി  ഇനീഷിയേറ്റീവ് ട്രസ്റ്റ് (TCIT) ഇന്ത്യൻ  ഹോട്ടൽസ്  കമ്പനി  ലിമിറ്റഡ്(IHCL), ഐ.ഐ.ഐ.സി എന്നീ മൂന്നു സ്ഥാപനങ്ങളും സംയുക്തമായാണ് സെർറ്റിഫിക്കേഷൻ നൽകുന്നത്.

ആറു മാസത്തെ പരിശീലനത്തിൽ നാലു മാസം പ്രായോഗിക ക്ലാസുകൾ ഐ.ഐ.ഐ.സി യിലെ ലാബുകളിലായി  ക്രമീകരിച്ചിട്ടുണ്ട്. രണ്ടു മാസം രാജ്യത്തെ മുൻ നിര ഹോട്ടലുകളിൽ മേഖലാ പരിശീലനം ഉണ്ടായിരിക്കും.  സ്വദേശത്തും വിദേശത്തുമായി നിരവധി ജോലി സാദ്ധ്യതകൾ ഈ മേഖലയിൽ ഉണ്ട്. പദ്ധതിയുടെ ഭാഗമായി പ്രവേശനം നേടുന്ന മുഴുവൻ ആളുകൾക്കും ജോലി ലഭിക്കുവാനുള്ള സാഹചര്യം ഐ.ഐ.ഐ.സി ഒരുക്കും. ഐ.ആർ.ഇ.എൽ ഇന്ത്യയുടെ സി.എസ്.ആർ ഫണ്ട് ആണ് പദ്ധതിക്കായി വിനിയോഗിക്കുന്നത്. പരിശീലനത്തിലേക്കുള്ള ഗുണഭോക്താക്കളെ  ഐ.ആർ.ഇ.എൽ നേരിട്ട് തെരഞ്ഞെടുക്കും. ഐ.ആർ.ഇ.എൽ മൈനിങ് പ്രദേശങ്ങളിലെ നിവാസികൾക്ക് മുൻഗണന ഉണ്ടായിരിക്കും.

ഐ.ആർ.ഇ.എൽ (ഇന്ത്യ) ചവറ യുടെ ജനറൽ മാനേജർ ആന്റ് ഹെഡ് എൻ.എസ് അജിത്, ഡെപ്യൂട്ടി ജനറൽ മാനേജർ ടെക്നിക്കൽ (റിസോഴ്സസ്) കെ. എസ് ഭക്തദർശൻ, ഹ്യൂമൻ റിസോഴ്സസ് മാനേജർ വി. അജികുമാർ, ഐ.ഐ.ഐ.സി ഡയറക്ടർ പ്രൊഫ. ഡോ. ബി സുനിൽകുമാർ, ഡെപ്യൂട്ടി ഡയറക്ടർ കെ. രാഘവൻ, ഡീൻ അക്കാഡമിക്സ് പ്രൊഫ. ഡോ. ജോമി തോമസ്, ഹെഡ് അഡ്മിഷൻസ് ആൻഡ് പ്ലേസ്മെന്റ് ജോർജ് ആന്റണി കോൺസ്റ്റന്റൈൻ, ഡീൻ സ്റ്റുഡന്റ് അഫയേർസ്  പ്രൊഫ. ഡോ. അഷ്ഫാക് എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

# പുതുവർഷത്തിൽ 1.61 ലക്ഷത്തിലേറെ യാത്രക്കാർ; റെക്കോർഡ് നേട്ടം കൈവരിച്ച് കൊച്ചി മെട്രോ

**കൊച്ചി:** കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിന്റെ യാത്രാ സംവിധാനമായ കൊച്ചി മെട്രോ ട്രെയിൻ, ഇലക്ട്രിക് ഫീഡർ ബസ്, കൊച്ചി വാട്ടർ മെട്രോ എന്നിവയിൽ പുതുവർഷത്തലേന്നും പുലർച്ചയിലും സഞ്ചരിച്ചത്  1,61,683 പേർ.സുരക്ഷിതവും കൃത്യതയുമാർന്ന മെട്രോ സേവനം പുതുവർഷാഘോഷത്തിരക്ക് ഏറ്റവും ഫലപ്രദമായി കൈകാര്യം ചെയ്യാൻ ജില്ലാ ഭരണകൂടത്തിനും പോലീസിനും ഏറെ സഹായകവുമായി. പുലർച്ചെ രണ്ട് മണിവരെ സർവ്വീസ് നടത്തിയ കൊച്ചി മെട്രോ ട്രെയിനിൽ 1,39,766 പേരാണ് യാത്ര ചെയ്തത്. പുലർച്ചെ നാലു മണിവരെ സർവ്വീസ് നടത്തിയ ഇലക്ട്രിക് ഫീഡർ ബസിൽ 6817 പേരും വാട്ടർ മെട്രോയിൽ 15,000 പേരും യാത്രചെയ്ത് റേക്കോർഡ് നേട്ടമാണ് മെട്രോ കൈവരിച്ചത്.




ഡിസംബർ 31 ന് 44,67,688 രൂപയുടെ വരുമാനം നേടി പ്രതിദിന വരുമാനത്തിലും കൊച്ചി മെട്രോ ട്രെയിൻ റെക്കോർഡ് സൃഷ്ടിച്ചു. 2017 ൽ സർവ്വീസ് തുടങ്ങിയ മെട്രോയിൽ ഇതേവരെ 17.52 കോടിപ്പേർ യാത്ര ചെയ്തു. ഈ വർഷത്തെ യാത്രക്കാരുടെ എണ്ണം  365,861, 94 ആയി വർധിച്ചു. ഡിസംബറിൽ മാത്രം 32,68,063 പേരാണ് യാത്ര ചെയ്തത്. കൂട്ടായ പരിശ്രമത്തിലൂടെയാണ് മെട്രോ ഈ നേട്ടം കൈവരിച്ചത് എന്ന് കെഎംആർഎൽ മാനേജിംഗ് ഡയറക്ടർ ലോക്നാഥ് ബഹ്റ പറഞ്ഞു. കൃ



ത്യതയാർന്ന സർവീസ്, വൃത്തി, ശുചിത്വം, ജീവനക്കാരുടെ മികച്ച പെരുമാറ്റം, യാത്രക്കാരുടെ സഹകരണം, മാധ്യമങ്ങളും സോഷ്യൽ മീഡിയവഴിയും നടത്തിയ പ്രചരണം, ഉപഭോക്തൃ സൌഹൃദമായ സാങ്കേതിക വിദ്യാ ഉപയോഗം തുടങ്ങിയ നിരവധി ഘടകങ്ങൾ ഈ നേട്ടം കൈവരിക്കുന്നതിന് സഹായിച്ചുവെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

ലാസ്റ്റ്മൈൽ,  ഫസ്റ്റ്മൈൽ കണക്ടിവിറ്റി കൂട്ടി പ്രതിദിന യാത്രക്കാരെ കൂടുതൽ ആകർഷിക്കാനായി 15 ഇലക്ട്രിക് ബസുകൾ   വിവിധ റൂട്ടുകളിൽ മെട്രോ സ്റ്റേഷനുകളെയും വാട്ടർ മെട്രോ സ്റ്റേഷനുകളെയും ബന്ധിപ്പിച്ച് സർവ്വീസ് നടത്തിയതും നേട്ടമായി എന്ന് ചൂണ്ടിക്കാട്ടിയ അദ്ദേഹം നഗരത്തിൽ ഹരിത ഗതാഗത സംവിധാനം യാഥാർത്ഥ്യമായിക്കൊണ്ടിരിക്കുകയാണെന്നും അഭിപ്രായപ്പെട്ടു.

# കൊച്ചി നഗരത്തിലെ തീപിടുത്തങ്ങൾ: ജില്ലാ ദുരന്ത നിവാരണ അതോറിറ്റി യോഗം ചേർന്നു

**കൊച്ചി**: നഗരത്തിൽ കഴിഞ്ഞ ദിവസങ്ങളിൽ ഉണ്ടായ തീപിടുത്തങ്ങളുടെ പശ്ചാത്തലത്തിൽ അടിയന്തരമായി സ്വീകരിക്കേണ്ട നടപടികൾ ചർച്ച ചെയ്യാൻ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ. ജി. രാധാകൃഷ്ണന്റെയും ജില്ലാ കളക്ടർ ജി പ്രിയങ്കയുടെയും നേതൃത്വത്തിൽ ജില്ലാ ദുരന്ത നിവാരണ അതോറിറ്റി യോഗം ചേർന്നു.

സബ് കളക്ടറുടെ നേതൃത്വത്തിൽ കോർപ്പറേഷൻ സെക്രട്ടറി, കെ.എസ്.ഇ.ബി, ഫയർഫോഴ്സ്, ഹസാർഡ് അനലിസ്റ്റ് ബന്ധപ്പെട്ട മറ്റു വകുപ്പ് ഉദ്യോഗസ്ഥർ എന്നിവരെ ഉൾപ്പെടുത്തിക്കൊണ്ട് സമിതി രൂപീകരിക്കാനും നഗരപ്രദേശങ്ങളിലെ മാർക്കറ്റുകളും തീപിടുത്തത്തിന് സാധ്യതയുള്ള മറ്റു പ്രദേശങ്ങളും അടിയന്തരമായി സന്ദർശിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കാനും യോഗം നിർദ്ദേശം നൽകി.

വേനൽക്കാലത്തിന് മുമ്പായി ജില്ലയിലെ എല്ലാ തദ്ദേശസ്ഥാപനങ്ങളും പ്രത്യേക മോണിറ്ററിംഗ് സമിതികൾ രൂപീകരിച്ച് പ്രദേശത്തെ സ്കൂളുകൾ, ആശുപത്രികൾ, മാർക്കറ്റ്, പാഴ്‌വസ്തു ശേഖരണ കേന്ദ്രങ്ങൾ എന്നിവ കേന്ദ്രീകരിച്ച് ജനുവരി 15 നകം ഫയർ ഓഡിറ്റ് നടത്തണം. അടിയന്തര സാഹചര്യങ്ങളെ നേരിടുന്നതിനായി എല്ലാ തദ്ദേശ സ്ഥാപനങ്ങളും ലഭ്യമായിട്ടുള്ള ഹിറ്റാച്ചി ഉൾപ്പെടെയുള്ള വാഹനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കണം. ആവശ്യഘട്ടത്തിൽ പ്രയോജനപ്പെടുത്തുന്നതിനായി അവയുടെ ലഭ്യത ഉറപ്പാക്കുവാനും ജില്ലാ കളക്ടർ ആവശ്യപ്പെട്ടു.

തന്ത്രപ്രധാനമായ സ്ഥലങ്ങളിൽ ഫയർ ഹൈഡ്രന്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ വേഗത്തിലാക്കുന്നതിനും ആദ്യ ഘട്ടമെന്ന നിലയിൽ ബ്രോഡ് വേയിലും ആലുവയിലും ഫയർ ഹൈഡ്രുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുന്നതിനും വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥർക്ക് ജില്ലാ കളക്ടർ നിർദ്ദേശം നൽകി.

തമ്മനത്ത് പുതിയ വാട്ടർ ടാങ്ക് നിർമിക്കുന്നതിനായി 12 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറായതായും പദ്ധതി വേഗത്തിൽ പൂർത്തിയാക്കാനുള്ള നടപടികളുമായി മുന്നോട്ടുപോവുകയാണെന്നും വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥർ അറിയിച്ചു.

കടലാക്രമണം, തീരദേശ മേഖലയിലെ മണ്ണൊലിപ്പ് എന്നിവ മൂലം ഉണ്ടാകുന്ന പ്രശ്നങ്ങൾ തടയുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കണമെന്ന് ചർച്ച ചെയ്യുന്നതിനായി ജനുവരിയിൽ പ്രത്യേക അവലോകന യോഗം ചേരാനും യോഗത്തിൽ തീരുമാനിച്ചു.

കളക്ടറുടെ ചേംബറിൽ ചേർന്ന യോഗത്തിൽ സബ് കളക്ടർ ഗ്രേഷ സായി കൃഷ്ണ, ദുരന്തനിവാരണ വിഭാഗം ഡെപ്യൂട്ടി കളക്ടർ കെ മനോജ്, വിവിധ വകുപ്പ് ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു.

# കൊച്ചിൻ കാൻസർ റിസർച്ച് സെന്റർ: 159 തസ്തികകൾ സൃഷ്ടിച്ചെന്ന് വീണാ ജോർജ്

**കൊച്ചി**: കൊച്ചിൻ കാൻസർ റിസർച്ച് സെന്ററിന് 159 പുതിയ തസ്തികകൾ സൃഷ്ടിക്കാൻ മന്ത്രിസഭാ യോഗം അനുമതി നൽകിയതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. 91 സ്ഥിരം തസ്തികകളും 68 കരാർ തസ്തികകളുമാണ് സൃഷ്ടിച്ചത്. മധ്യകേരളത്തിലെ ഏറ്റവും വലുതും, അത്യാധുനിക ഉപകരണങ്ങളും ചികിത്സാ സംവിധാനങ്ങളുമുള്ള കാൻസർ സെന്ററാണ് ഉദ്ഘാടനത്തിന് സജ്ജമാകുന്നത്. സെന്ററിലെ 100 കിടക്കകൾക്കായി ആദ്യഘട്ടത്തിലേക്ക് ആവശ്യമായ തസ്തികകളാണ് സൃഷ്ടിച്ചത്.

കാൻസർ ചികിത്സയിൽ കൊച്ചിൻ കാൻസർ റിസർച്ച് സെന്ററിന് വലിയ പ്രാധാന്യമുണ്ട്. മധ്യകേരളത്തിലെ രോഗികൾക്ക് ദൂരയാത്രകളില്ലാതെ സമഗ്രവും ആധുനികവുമായ കാൻസർ പരിചരണം ലഭ്യമാക്കുക എന്നതാണ് മുഖ്യലക്ഷ്യം. രോഗനിർണയം മുതൽ ശസ്ത്രക്രിയ, അത്യാധുനിക കാൻസർ ചികിത്സയും ഗവേഷണവും വരെ ഒരേ കേന്ദ്രത്തിൽ ലഭ്യമാക്കുന്നതിലൂടെ ചികിത്സാ ചെലവും സമയനഷ്ടവും കുറയ്ക്കാൻ കഴിയും. അത്യാധുനിക ഉപകരണങ്ങളും വിദഗ്ധ ഡോക്ടർമാരും ഉൾപ്പെടുന്ന ഈ സെന്റർ സംസ്ഥാനത്തെ കാൻസർ ചികിത്സാ സംവിധാനത്തെ കൂടുതൽ ശക്തിപ്പെടുത്തും.

# ഇന്നത്തെ പരിപാടി

## കൊച്ചി മുസിരിസ് ബിനാലെ

**ബാസ്റ്റ്യൻ ബംഗ്ലാവ്, എബിസി ആർട്ട് റൂം:** ശിൽപ്പശാല രാവിലെ 10 മുതൽ

**വാട്ടർ മെട്രോ സ്റ്റേഷൻ, എബിസി ആർട്ട് റൂം:** ശിൽപ്പശാല രാവിലെ 10 മുതൽ

**ബാസ്റ്റ്യൻ ബംഗ്ലാവ്, പവലിയൻ:** ഡോ. മീന കന്ദസാമിയുടെ പ്രഭാഷണം രാവിലെ 11 മുതൽ, ഉച്ചയ്ക്ക് ഒന്നു മുതൽ 3 വരെ സംഭാഷണം- മറവിക്കെതിരെയുള്ള ഓർമ്മയുടെ പോരാട്ടം, വൈകുന്നേരം നാലു മുതൽ സംഭാഷണവും കവിതാ വായനയും

## എറണാകുളം

**കല്ലൂർ പാവക്കുളം ക്ഷേത്രം :** അഷ്ടപദി കച്ചേരി, നൃത്തനൃത്യങ്ങൾ – വൈകീട്ട് 6.30 മുതൽ.

## അങ്കമാലി

**എ.പി കുര്യൻ മെമ്മോറിയൽ സി.എസ്.എ. ഓഡിറ്റോറം:** സി.എസ്.എ പ്രൊഫഷണൽ നാടകോത്സവം -ഉദ്ഘാടനം സേവ്യർ പുൽപ്പാട് – തിരുവനന്തപുരം നവോദയുടെ സുകുമാരി – വൈകീട്ട് 6.30ന്.

## കളമശേരി

**പത്തടിപ്പാലം പിഡബ്ല്യുഡി റസ്റ്റ് ഹൗസ് ഹാൾ :** കേരള ഗവ. ഹോമിയോ ഫാർമസിസ്റ്റ് ഓർഗനൈസേഷൻ സംസ്ഥാന സമ്മേളനം – ഉദ്ഘാടനം മന്ത്രി പി. രാജീവ് – രാവിലെ 10 മണിക്ക്.

## പിറവം

**സെന്റ് സെന്റ്. മേരീസ് കോൺഗ്രിഗേഷൻ :** വിശുദ്ധ ദനഹാ പെരുന്നാൾ – വിശുദ്ധ കുർബ്ബാനയും സന്ധ്യ പ്രാർത്ഥനയും – രാവിലെ 7 മുതൽ.

**പാമ്പ്ര മഹാദേവ ക്ഷേത്രം :** തിരുവാതിര മഹോത്സവം – നാദസ്വര മേളം, കൈകൊട്ടിക്കളി, തിരുവനന്തപുരം അജന്ത തീയറ്റേഴ്സിന്റെ നാടകം – വൈകീട്ട് 6: 30 മുതൽ.

**ഹോളി കിങ്സ് പാരിഷ് ഹാൾ :** സ്കൂൾ ഓഫ് ഡാൻസ് നാട്യ കലാക്ഷേത്ര വാർഷികവും 2025 ബാച്ച് കുട്ടികളുടെ അരങ്ങേറ്റം – സമ്മേളനം ഉദ്ഘാടനം മുൻസിപ്പൽ ചെയർമാൻ കെ. ആർ. പ്രദീപ് കുമാർ – ഉച്ചക്ക് ഒരു മണിക്ക്.

## പെരുമ്പാവൂർ

**ഐമുറി ചെറുതൃക്ക കല്ലമ്പലം ശ്രീമഹാദേവ ക്ഷേത്രം :** തിരുവാതിര മഹോത്സവം – ശ്രീബലി എഴുന്നള്ളിപ്പ്, പഞ്ചവാദ്യം, മെഗാതിരുവാതിര കളി – രാവിലെ 9 മണി മുതൽ.

**മങ്കുഴി തിരുക്കുടുംബ ദേവാലയം :** തിരുക്കുടുംബത്തിന്റെയും വിശുദ്ധസെബസ്ത്യാനോസിന്റെയും തിരുനാൾ – വൈകിട്ട് 5.45 മുതൽ.

**മുൻസിപ്പൽ ടൗൺ ഹാൾ :** കേരള സ്റ്റേറ്റ് സർവീസ് പെൻഷനേഴ്സ് അസോസിയേഷൻ ജില്ലാ സമ്മേളനം – ഉദ്ഘാടനം സിമ്പോസിയം കാലടി സംസ്കൃത സർവകലാശാല മുൻ വൈസ് ചാൻസലർ ഡോ.എം.സി ദിലീപ് കുമാർ – രാവിലെ 9.15ന്.

## ആലങ്ങാട്

**ആലങ്ങാട് കാവ് ഭഗവതി ക്ഷേത്രം :** ആലങ്ങാട് യോഗം പുറപ്പാട് – വൈകീട്ട് 6.30 മുതൽ.

# തിരുവൈരാണിക്കുളം നടതുറപ്പ് ഇന്ന്

**കൊച്ചി:** തിരുവൈരാണിക്കുളം മഹാദേവ ക്ഷേത്രത്തിലെ ശ്രീപാർവ്വതിദേവിയുടെ നടതുറപ്പ് മഹോൽസവം ഇന്ന് രാത്രി എട്ടു മുതൽ ഈ മാസം 13 ന് രാത്രി എട്ടുമണിവരെ നടക്കും ശ്രീപാർവ്വതീദേവിയെയും മഹാദേവനെയും അണിയിക്കാനുള്ള തിരുവാഭരണങ്ങളുമായി അകവൂർ മനയിൽ നിന്നും ഘോഷയാത്രയായി രാത്രി 07.15 ഓടെ ക്ഷേത്രത്തിൽ എത്തും. തുടർന്ന് ആഭരണങ്ങൾ ദേവിയ്ക്കും ദേവനു ചാർത്തിയതിനു ശേഷം എട്ടു മണിയോടെ നട തുറക്കും. തുടർന്ന് തിരുവാതിര കളിയും കുസുമധാരണ ചടങ്ങും ഉണ്ടായിരിക്കും. ദിവസവും പുലർച്ചെ നാലു മുതൽ ഉച്ചയ്ക്ക് ഒന്നര വരെയും ഉച്ചകഴിഞ്ഞ് രണ്ടു മുതൽ രാത്രി ഒമ്പതുവരെയുമാണ് ദർശന സമയം.

# റോഷ്നി പദ്ധതി: പ്രത്യേക അവലോകന യോഗം ചേർന്നു

**കൊച്ചി**: ജില്ലയിലെ അതിഥി തൊഴിലാളികളുടെ കുട്ടികളുടെ വിദ്യാഭ്യാസ അവസരങ്ങൾ മെച്ചപ്പെടുത്തുന്നതിനായി ആരംഭിച്ച റോഷ്നി പദ്ധതിയുടെ പുരോഗതി വിശകലനം ചെയ്യാൻ ജില്ലാ കളക്ടർ ജി പ്രിയങ്കയുടെ നേതൃത്വത്തിൽ പ്രത്യേക യോഗം ചേർന്നു. അന്യസംസ്ഥാനതൊഴിലാളികളുടെ മക്കൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം നൽകി അവരെ സമൂഹത്തിൽ ക്രിയാത്മകമായി ഇടപെടാൻ പ്രാപ്തരാക്കുക എന്നത് സംസ്ഥാന സർക്കാരിന്റെ നയമാണെന്നും അവരെ കേരളത്തിന്റെ സംസ്കാരം, ഭാഷ, ജീവിതരീതി എന്നിവ പരിചയപ്പെടുത്തി സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുകയാണ് പദ്ധതിയിലൂടെ ലക്ഷ്യം വെക്കുന്നതെന്നും ജില്ലാ കളക്ടർ പറഞ്ഞു.

പദ്ധതി വളണ്ടിയർമാർ അതത് സ്കൂളുകളുടെ സമീപപ്രദേശത്തെ അന്യസംസ്ഥാനതൊഴിലാളി ഭവനങ്ങൾ സന്ദർശിച്ച് ബോധവൽക്കരണം നടത്തണം. എല്ലാ കുട്ടികളും സ്കൂളിൽ പോകുന്നുണ്ടെന്ന് ഉറപ്പാക്കണം. അവർക്കായി സ്കൂളുകളിൽ പ്രത്യേക പ്രവേശനോത്സവം നടത്തണം. വിദ്യാർത്ഥികളുടെ വീടുകളിലെ പഠനാന്തരീക്ഷം മെച്ചപ്പെടുത്താൻ വളണ്ടിയർമാരുടെ നേതൃത്വത്തിൽ സായാഹ്ന ക്ലാസുകൾ ആരംഭിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിയ്ക്കാനും ജില്ലാ കളക്ടർ നിർദ്ദേശം നൽകി. റോഷ്നി പദ്ധതിയുടെ വിപുലീകരണത്തിനായുള്ള പുതിയ ആശയങ്ങൾ ക്രോഡീകരിക്കാൻ പ്രത്യേക ഐഡിയത്തോൺ ജനുവരിയിൽ സംഘടിപ്പിക്കാൻ റോഷ്നി കോഓഡിനേറ്റർക്ക് യോഗത്തിൽ നിർദ്ദേശം നൽകി. ജില്ലയിലെ 40 സ്കൂളുകളിലാണ് റോഷ്നി പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതിയുടെ കീഴിൽ 40 വളണ്ടിയർമാരും 2200 ഓളം കുട്ടികളുമാണുള്ളത്.

കളക്ടറുടെ ചേംബറിൽ നടന്ന യോഗത്തിൽ ബി.പി.സി.എൽ. ചീഫ് മാനേജർ വിനീത് എം വർഗീസ്, ജില്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടർ സുബിൻ പോൾ, റോഷ്നി പദ്ധതി ജനറൽ കോഓഡിനേറ്റർ സി. കെ. പ്രകാശ് എന്നിവർ പങ്കെടുത്തു.

# പ്രൊഫഷണൽ ആർച്ചറി പരിശീലനത്തിന് അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** ഫിസിക്കലി ചലഞ്ച്ഡ് ഓൾ സ്പോർട്സ് അസോസിയേഷൻ കേരളയും ഫ്യൂച്ചർ ഒളിമ്പ്യൻസ് പ്രൊഫഷണൽ ആർച്ചറി ട്രെയിനിങ് അക്കാദമിയും സംയുക്തമായി ചോറ്റാനിക്കര ജി.വി.എച്ച്.എസ് സ്കൂൾ ഗ്രൗണ്ടിൽ ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2 30 മുതൽ ആരംഭിക്കുന്ന പ്രൊഫഷണൽ ആർച്ചറി പരിശീലനത്തിന് അപേക്ഷ ക്ഷണിച്ചു. ഭിന്നശേഷിക്കാർക്കും ഭിന്നശേഷി ഇല്ലാത്തവർക്കുമായി ഇന്ത്യൻ റൗണ്ട്, റീക്കർവ്, കോമ്പൗണ്ട് എന്നീ ഇനങ്ങളിലായിരിക്കും പരിശീലനം. നിരവധി കായിക ഇനങ്ങളിൽ ദേശീയ അന്തർദേശീയ മെഡലുകൾ കരസ്ഥമാക്കിയിട്ടുള്ളതും ആർച്ചറിയിൽ സംസ്ഥാന ദേശീയ മെഡൽ ജേതാക്കളെ വാർത്തെടുത്തിട്ടുള്ളതുമായ ആർച്ചറി കോച്ച് കിഷോർ എ എന്റെ നേതൃത്വത്തിൽ ആയിരിക്കും പരിശീലനം. അടുത്ത വർഷം നടക്കാനിരിക്കുന്ന സംസ്ഥാന ദേശീയ മത്സരങ്ങളിൽ പങ്കെടുക്കുന്നതിനായി അഡ്വാൻസ്ഡ് ലെവൽ പരിശീലനമാണ് കായിക താരങ്ങൾക്ക് ലഭിക്കുക. ഭിന്നശേഷിക്കാർക്ക് പരിശീലനവും, പരിശീലനത്തിന് ആവശ്യമായ ഉപകരണങ്ങളും അസോസിയേഷൻ സൗജന്യമായി നൽകുന്നതാണ്. അപേക്ഷകൾ ജനുവരി 2 വെള്ളിയാഴ്ച വൈകിട്ട് 5 മണിക്ക് മുമ്പ് അസോസിയേഷന്റെ ഇമെയിൽ ലഭിച്ചിരിക്കണം. പ്രായപരിധിയില്ലാതെ ആർച്ചറി പഠിക്കുവാൻ ആഗ്രഹിക്കുന്ന ഏതൊരാൾക്കും അപേക്ഷ സമർപ്പിക്കാവുന്നതാണ്. അപേക്ഷാഫോമനും കൂടുതൽ വിവരങ്ങൾക്കും https://pcasak.weebly.com എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

സൊസൈറ്റി ടുഡേ
SOCIETY TODAY

# പിഴയല്ല, പ്രചോദനം; ഹെൽമറ്റ് നിയമം പാലിച്ച കുടുംബത്തെ അഭിനന്ദിച്ച് ജില്ലാകളക്ടറും ആർടിഒയും

**കൊച്ചി:**റോഡ് സുരക്ഷാ നിയമങ്ങൾ അവഗണിക്കുന്ന സംഭവങ്ങൾ വർദ്ധിക്കുന്ന സാഹചര്യത്തിൽ, ഹെൽമറ്റ് നിയമം കൃത്യമായി പാലിച്ച് മാതൃകയായ കുടുംബത്തെ അഭിനന്ദിച്ച് ജില്ലാ കളക്ടറും മോട്ടോർ വാഹന വകുപ്പും. ഓഫിസിലേക്കുള്ള യാത്രയ്ക്കിടെയാണ് സ്കൂട്ടറിൽ കുട്ടികളടക്കം ഹെൽമറ്റ് ധരിച്ച് സഞ്ചരിച്ചിരുന്ന കുടുംബത്തെ എറണാകുളം എൻഫോസ്മെന്റ് ആർ ടി ഓ ബിജു ഐസക്ക് ശ്രദ്ധിക്കുന്നത്. പലരും ഹെൽമറ്റ് നിയമം ഒഴിവാക്കാൻ ശ്രമിക്കുന്ന സാഹചര്യത്തിൽ, കുട്ടികളടക്കം മൂവരും സുരക്ഷാ മാനദണ്ഡങ്ങൾ പൂർണ്ണമായി പാലിച്ചാണ് യാത്ര നടത്തിയിരുന്നത്. ഈ ഉത്തരവാദിത്തപരമായ സമീപനം അഭിനന്ദനാർഹമാണെന്ന് വിലയിരുത്തിയ ആർടിഒ, കുടുംബത്തെ ഓഫീസിലേക്ക് ക്ഷണിച്ചു. തുടർന്ന് നിയമങ്ങൾ പാലിച്ചതിന് കുട്ടികൾക്ക് മിഠായികൾ നൽകി പ്രോത്സാഹിപ്പിക്കുകയും, റോഡ് സുരക്ഷയുടെ പ്രാധാന്യം വിശദീകരിക്കുകയും ചെയ്തു.

ഈ സമയം കളക്ടറേറ്റിലേക്ക് പതിവുപോലെ എത്തിയ ജില്ലാകളക്ടർ ജി പ്രിയങ്കയെ ഇക്കാര്യം അറിയിച്ചു.

ജില്ലാകളക്ടർ കുടുംബത്തെ അഭിനന്ദിക്കുകയും ഇത്തരത്തിലുള്ള റോഡ് സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കുന്ന നല്ല മാതൃകകൾ സമൂഹത്തിൽ കൂടുതൽ പ്രചരിക്കേണ്ടതുണ്ടെന്നും, ഇപ്രകാരം മാതൃകാപരമായി പ്രവർത്തിക്കുന്ന കുട്ടികളിലാവണം നാളെയുടെ ഭാവി എന്നും പറഞ്ഞു.

നിയമങ്ങൾ കൃത്യമായി പാലിക്കുന്നവരെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്ന ഇത്തരം നടപടികൾ കുട്ടികളിലും, മുതിർന്നവരിലും റോഡ് സുരക്ഷാ അവബോധം വർദ്ധിപ്പിക്കുമെന്നും, സമൂഹത്തിന് നല്ല സന്ദേശം നൽകുമെന്നും മോട്ടോർ വാഹന വകുപ്പ് അധികൃതർ അറിയിച്ചു.

# കേരള ബാംബൂ ഫെസ്റ്റ് സമാപിച്ചു



**കൊച്ചി:** വ്യവസായ വാണിജ്യ വകുപ്പിനുവേണ്ടി കേരള സംസ്ഥാന ബാംബൂ മിഷൻ സംഘടിപ്പിച്ച 22മത് കേരള ബാംബൂ ഫെസ്റ്റ് സമാപിച്ചു. ഡിസംബർ 26ന് തുടങ്ങിയ ഫെസ്റ്റിന് മികച്ച പ്രതികരണമാണ് ലഭിച്ചത്. 200 സ്റ്റാളുകളായിരുന്നു ഇത്തവണ ബാംബൂ ഫെസ്റ്റിൽ ഉണ്ടായിരുന്നത്. കേരളത്തിൽ നിന്നും 300ഉം കേരളത്തിന് പുറത്തുനിന്നുള്ള 23ഓളം കരകൗശലപ്രവർത്തകരും മുള അനുബന്ധ സ്ഥാപനങ്ങളും ബാംബൂ ഫെസ്റ്റിൽ പങ്കെടുത്തു.

ബാംബൂ ഫെസ്റ്റിന്റെ ഭാഗമായി നടന്ന സംസ്ഥാന പരമ്പരാഗത ഈറ്റ, മുള തൊഴിലാളി സംഗമം നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി പി. രാജീവ് ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ ടി ജെ വിനോദ് എംഎൽഎ അധ്യക്ഷനായിരുന്നു. മുള അനുബന്ധ മേഖലയുടെ ഉന്നമനത്തിനായി നാഷണൽ ബാംബൂ മിഷൻ നടപ്പിലാക്കുന്ന പദ്ധതികളെക്കുറിച്ച് നാഷണൽ ബാംബൂ മിഷൻ ഡെപ്യൂട്ടി കമ്മീഷണർ കെ. എസ് . ശ്രീകാന്ത്, സംസ്ഥാന ബാംബൂ മിഷന് കീഴിലെ മുള മേഖലയുടെ ശാക്തീകരണ പ്രവർത്തനങ്ങളെക്കുറിച്ച് കെ ബിപ്പ് സിഇഒ സൂരജ്. എസ്, ഈറ്റ മുള തൊഴിലാളികളുടെ ഉന്നമനത്തിനായി കേരള സംസ്ഥാന ബാംബൂ കോർപ്പറേഷൻ നടപ്പിലാക്കുന്ന പദ്ധതികളെക്കുറിച്ച് ബാംബൂ കോർപ്പറേഷൻ എം.ഡി സുരേഷ് പുല്ലാനിക്കാട്ട്, ഈറ്റ മുള മേഖലയുടെ പ്രോത്സാഹനവും വികസനവും എന്ന വിഷയത്തെക്കുറിച്ച് കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് പ്രിൻസിപ്പൾ സയന്റിസ്റ്റ് വി. ബി ശ്രീകുമാർ, മുള ഉത്പന്നങ്ങളുടെ മൂല്യ വർദ്ധനവും രൂപകൽപ്പനയും എന്ന വിഷയത്തെക്കുറിച്ച് ഉറവ് സിഇഒ ടോണി പോൾ എന്നിവർ സംസാരിച്ചു.

കേരള ബാംബൂ ഫെസ്റ്റ് സമാപനത്തോടനുബദ്ധിച്ച് കാസർഗോഡ് ജില്ലയിലെ പരമ്പരാഗത കലാരൂപമായ കൊറഗ് നൃത്ത പരിപാടി നടന്നു

# 'സ്വച്ഛതാ പഖ്വാഡ' കാംപയിൻ സംഘടിപ്പിച്ചു




**കൊച്ചി:** കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിൽ (സിഎംഎഫ്ആർഐ) 'സ്വച്ഛതാ പഖ്വാഡ' കാംപയിൻ ആചരിച്ചു. രണ്ടാഴ്ച നീണ്ടുനിന്ന പരിപാടിയിൽ ശുചീകരണം, ബോധവൽകരണ പരിപാടികൾ തുടങ്ങിയവ സംഘടിപ്പിച്ചു. പട്ടാളപ്പുഴുവിനെ ഉപയോഗിച്ചുള്ള മത്സ്യതീറ്റ നിർമാണരീതിയിൽ മത്സ്യകർഷകർക്ക് പരിശീലനം നൽകി.

പ്ലാസ്റ്റിക് മലിനീകരണം, പരിസ്ഥിതി സംരക്ഷണം, മാലിന്യ സംസ്കരണം എന്നിവയെക്കുറിച്ച് ബോധവൽകരണ പരിപാടികൾ നടന്നു.

രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലെ സിഎംഎഫ്ആർഐയുടെ ഗവേഷണ കേന്ദ്രങ്ങളിലും കാംപയിനിന്റെ ഭാഗമായി വിവിധ പരിപാടികൾ സംഘടിപ്പിച്ചു. തെരുവ് നാടകം, വിദ്യാർത്ഥികർഷക സംഗമങ്ങൾ തുടങ്ങിയവ സംഘടിപ്പിച്ചു.

# സംസ്കൃത സർവ്വകലാശാലയിൽ പിഎച്ച്.ഡി. പ്രവേശനം: 35 ഒഴിവുകൾ; അവസാന തീയതി ജനുവരി ആറ്

**കൊച്ചി:** ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിൽ ഒഴിവുള്ള 35 സീറ്റുകളിൽ പിഎച്ച്.ഡി. പ്രവേശനത്തിന് ഓൺലൈനായി അപേക്ഷ ക്ഷണിച്ചു. സംസ്കൃതം സാഹിത്യം, സംസ്കൃതം വ്യാകരണം, സംസ്കൃതം വേദാന്തം, സംസ്കൃതം ന്യായം, സംസ്കൃതം ജനറൽ, ഹിന്ദി, ഹിസ്റ്ററി, ഇംഗ്ലീഷ്, കംപാരറ്റീവ് ലിറ്ററേച്ചർ, ഫിസിക്കൽ എഡ്യൂക്കേഷൻ വിഭാഗങ്ങളിലായി ഓപ്പൺ വിഭാഗത്തിൽ 22ഉം പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗത്തിൽ 13ഉം സീറ്റുകളിലാണ് നിലവിൽ ഒഴിവുകളുള്ളത്. ഒക്ടോബർ 14ലെ വിജ്ഞാപനപ്രകാരം അപേക്ഷിച്ചവർക്ക് വീണ്ടും അപേക്ഷിക്കുവാൻ അർഹതയുണ്ടായിരിക്കുകയില്ല. അപേക്ഷ ഫീസ് 150/. പ്രവേശനപരീക്ഷയുടെയും അഭിമുഖത്തിന്റെയും അടിസ്ഥാനത്തിലായിരിക്കും പ്രവേശനം. പ്രവേശനപരീക്ഷകൾ ജനുവരി 12ന് ആരംഭിക്കും. അഭിമുഖം ജനുവരി 22ന് നടക്കും. ജനുവരി 23ന് തെരഞ്ഞെടുക്കപ്പെട്ടവരുടെ ലിസ്റ്റ് പ്രസിദ്ധീകരിക്കും. അപേക്ഷകൾ ഓൺലൈനായി ലഭിക്കേണ്ട അവസാന തീയതി ജനുവരി ആറ്. കൂടുതൽ വിവരങ്ങൾക്കും ഓൺലൈനായി അപേക്ഷിക്കുന്നതിനും www.ssus.ac.in. സന്ദർശിക്കുക.

# ഗസ്റ്റ് ലക്ചറർ

ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയുടെ കാലടി മുഖ്യ കാമ്പസിലെ ഹിന്ദി വിഭാഗത്തിൽ ഗസ്റ്റ് ലക്ചററുടെ ഒഴിവുകളുണ്ട്. അംഗീകൃത സർവ്വകലാശാലയിൽ നിന്നും ഹിന്ദിയിൽ ബിരുദാനന്തര ബിരുദവും നിർദ്ദിഷ്ട യു ജി സി യോഗ്യതയും നേടിയവർക്ക് ജനുവരി ഏഴിന് രാവിലെ 10.30ന് കാലടി മുഖ്യ കേന്ദ്രത്തിലെ ഹിന്ദി വകുപ്പിൽ നടത്തുന്ന വാക്ക് ഇൻ ഇന്റർവ്യൂവിൽ ബയോഡേറ്റയും അസൽ സർട്ടിഫിക്കറ്റുകളുമായി പങ്കെടുക്കേണ്ടതാണ്. യു ജി സി യോഗ്യതയുള്ളവരുടെ അഭാവത്തിൽ മറ്റുള്ളവരെയും പരിഗണിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 9447319449.

# കുസാറ്റ്: വാക്ക്ഇൻ ഇന്റർവ്യൂ

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ (കുസാറ്റ്) പ്രൊഫ. എൻ. ആർ. മാധവ മേനോൻ ഇന്റർഡിസിപ്ലിനറി സെന്റർ ഫോർ റിസർച്ച് എതിക്സ് ആൻഡ് പ്രോട്ടോകോൾസ് ബിരുദവും ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളിൽ അധ്യാപനത്തിനായി നിയമവിഭാഗത്തിൽ ഗസ്റ്റ് ലക്ചറർമാരുടെ പാനൽ തയ്യാറാക്കുന്നതിനായി വാക്ക്ഇൻ ഇന്റർവ്യൂ നടത്തുന്നു. സർവകലാശാലാ ഗ്രാന്റ്സ് കമ്മീഷൻ (UGC) നിർദേശിച്ച യോഗ്യതകൾ ഉള്ളവർക്ക് ഇന്റർവ്യൂവിൽ പങ്കെടുക്കാം.

വാക്ക്ഇൻ ഇന്റർവ്യൂ 2026 ജനുവരി 9ന്, രാവിലെ 10.00 മണിക്ക് കുസാറ്റ് ഡയറക്ടറുടെ ഓഫീസിൽ നടക്കും. താൽപര്യമുള്ള ഉദ്യോഗാർത്ഥികൾ എല്ലാ അസ്സൽ സർട്ടിഫിക്കറ്റുകളും, പ്രവർത്തി പരിചയം, യോഗ്യത എന്നിവ തെളിയിക്കുന്ന രേഖകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും, പൂർണ്ണമായി പൂരിപ്പിച്ച അപേക്ഷാഫോമും സഹിതം ഇന്റർവ്യൂയിൽ ഹാജരാകണം. ആപ്ലിക്കേഷനും മറ്റ് വിവരങ്ങൾക്കും www.icrep.cusat.ac.in/news എന്ന വെബ്സൈറ്റ് സന്ദർശിക്കുക. ഫോൺ: 8078019688.

# സഹകരണ വാരാഘോഷത്തിന്റെ സമാപന സമ്മേളനം നാലിന് വി.എൻ വാസവൻ ഉദ്ഘാടനം ചെയ്യും

**കൊച്ചി:** എഴുപത്തിരണ്ടാമത് അഖിലേന്ത്യാ സഹകരണ വാരാഘോഷത്തിന്റെ സമാപന സമ്മേളനം ജനുവരി നാലിന് രാവിലെ 10 മണിക്ക് ആലപ്പുഴ റമദയിൽ തുറമുഖംസഹകരണ ദേവസ്വം വകുപ്പ് മന്ത്രി വി.എൻ വാസവൻ ഉദ്ഘാടനം ചെയ്യും. കൃഷി വകുപ്പ് മന്ത്രി പി. പ്രസാദ് മുഖ്യപ്രഭാഷണം നടത്തും. തുടർന്ന് നടക്കുന്ന സെമിനാർ ഫിഷറീസ് സാംസ്കാരിക വകുപ്പ് മന്ത്രി സജി ചെറിയാൻ ഉദ്ഘാടനം ചെയ്യും. കോലിയക്കോട് എൻ. കൃഷ്ണൻ നായർ അധ്യക്ഷത വഹിക്കുന്ന സമാപന സമ്മേളനത്തിൽ എം പി മാരായ കെ.സി വേണുഗോപാൽ, കൊടിക്കുന്നിൽ സുരേഷ്, എം.എൽ.എ മാരായ പി.പി. ചിത്തരഞ്ജൻ, എച്ച്. സലാം, രമേശ് ചെന്നിത്തല, എം.എസ് അരുൺകുമാർ, യു പ്രതിഭ, ദലീമ, തോമസ് കെ തോമസ്, മുൻ എം.എൽ.എ എം.വി ജയരാജൻ, ജില്ലാ കളക്ടർ അലക്സ് വർഗീസ്, സഹകരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി വീണ എൻ മാധവൻ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് എ മഹേന്ദ്രൻ, സഹകരണ സംഘം രജിസ്ട്രാർ ഡി. സജിത് ബാബു, സഹകരണ ഓഡിറ്റ് ഡയറക്ടർ എം. എസ് ഷെറിൻ, സംസ്ഥാന സഹകരണ യൂണിയൻ ഭരണസമിതി അംഗം റ്റി.കെ ദേവകുമാർ തുടങ്ങിയവർ പങ്കെടുക്കും.

# പുതിയ കേക്ക് റെസിപ്പിയുമായി എ.ബി.സി



**കൊച്ചി:** പുതുവർഷദിനത്തിൽ പുതിയ കേക്ക് റെസിപ്പി പുറത്തുവിട്ട് ആൽമണ്ട് ബോർഡ് ഓഫ് കാലിഫോർണിയ. ബദാം പൗഡർ, ഡാർക്ക് ചോക്ലേറ്റ്, ഓറഞ്ച് തൊലി, മേപ്പിൾ സിറപ്പ് എന്നിവ സമന്വയിക്കുന്ന ഡാർക്ക് ചോക്ലേറ്റ് ആൽമണ്ട് ഓറഞ്ച് കേക്കിന്റെ റെസിപ്പിയാണ് പുറത്തിറക്കിയത്. ആഘോഷങ്ങൾക്ക് ഊഷ്മളതയും മധുരവും പകരാൻ ലക്ഷ്യമിട്ടുള്ളതാണ് പുതിയ റെസിപ്പി. ആഘോഷങ്ങളുടെ രുചിയും ആരോഗ്യകരമായ ബേക്കിങ്ങും തമ്മിലുള്ള കൃത്യമായ സന്തുലിതാവസ്ഥ ഉറപ്പാക്കുന്ന റെസിപ്പി ഷെഫ് കബിത സിങ് ആണ് തയാറാക്കിയിരിക്കുന്നത്. ബദാം പൗഡർ, നെയ്യ്, മുട്ട എന്നിവ ചേർത്ത് തയ്യാറാക്കുന്ന ഈ കേക്ക് വളരെ മൃദുവായതും, ചോക്ലേറ്റിന്റെയും ഓറഞ്ചിന്റെയും ഗന്ധം തുളുമ്പുന്നതുമാണെന്ന് കബിത സിങ് പറയുന്നു. പ്രോട്ടീൻ, ഫൈബർ, നല്ല കൊഴുപ്പുകൾ, വിറ്റാമിൻ ഇ, അത്യാവശ്യ ധാതുക്കൾ എന്നിവയുടെ പ്രകൃതിദത്ത ഉറവിടമാണ് കാലിഫോർണിയ ബദാമെന്നും, ഇത് ആഘോഷവേളകളിലെ റെസിപ്പികളിൽ ഉൾപ്പെടുത്തുന്നത് മികച്ച തീരുമാനമാണെന്നും മാക്സ് ഹെൽത്ത് കെയറിലെ ഡയറ്ററ്റിക്സ് റീജിയണൽ ഹെഡ് രിതിക സമദ്ദാർ പറഞ്ഞു. ബദാം ഹൃദയാരോഗ്യത്തെ പിന്തുണയ്ക്കുകയും, ഊർജം നിലനിർത്താൻ സഹായിക്കുകയും ചെയ്യും. ആഘോഷങ്ങൾക്കിടയിൽ അമിതമായി ഭക്ഷണം കഴിക്കുന്നത് ഒഴിവാക്കാൻ ബദാം സഹായിക്കുമെന്നും അവർ കൂട്ടിച്ചേർത്തു.

# ഡിജിറ്റൽ ഹബ്ബിൽ ഓഫീസെടുക്കാം; സ്റ്റാർട്ടപ്പുകൾക്കായി താൽപര്യപത്രം ക്ഷണിച്ച് കെഎസ് യുഎം

**കൊച്ചി:** കളമശ്ശേരിയിലെ ഡിജിറ്റൽ ഹബ്ബിൽ ഓഫീസ് ആരംഭിക്കുന്നതിന് കേരള സ്റ്റാർട്ടപ്പ് മിഷൻ (കെ.എസ്.യു.എം) സ്റ്റാർട്ടപ്പുകളിൽ നിന്നും താൽപ്പര്യപത്രം ക്ഷണിച്ചു. ഉൽപ്പന്ന നിർമ്മാണത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന സ്റ്റാർട്ടപ്പുകളെ ഉദ്ദേശിച്ച് രൂപകൽപ്പന ചെയ്തിട്ടുള്ള അത്യാധുനിക ഇനോവേഷൻഇൻകുബേഷൻ കേന്ദ്രമാണ് ഡിജിറ്റൽ ഹബ്ബ്. നൂതനത്വം, പരസ്പര സഹകരണം, വിദഗ്ധോപദേശം തുടങ്ങിയവ സാധ്യമാക്കുന്ന മികച്ച ആവാസവ്യവസ്ഥയാണ് കെഎസ്‌യുഎം ഡിജിറ്റൽ ഹബിൽ ഒരുക്കിയിരിക്കുന്നത്. അതിവേഗ ഇന്റർനെറ്റ് കണക്ടിവിറ്റി, ക്ലൗഡ് ക്രെഡിറ്റുകൾ എന്നിവയ്ക്ക് പുറമെ കേരള സ്റ്റാർട്ടപ്പ് മിഷൻ വഴിയുള്ള മെന്റർഷിപ്പ്, മറ്റ് സ്റ്റാർട്ടപ്പ് സ്ഥാപകരുമായുള്ള ആശയവിനിമയം, കെഎസ് യുഎമ്മിന്റെ അന്താരാഷ്ട്രനിലവാരത്തിലുള്ള വിവിധ പരിപാടികളിലും ഉച്ചകോടികളിലും പങ്കെടുക്കാനുള്ള അവസരം തുടങ്ങിയവയും ഡിജിറ്റൽ ഹബ്ബിനെ ആകർഷകമാക്കുന്നു.ഏകദേശം 30,850 ചതുരശ്ര അടി വിസ്തീർണ്ണമുള്ള വിശാലമായ സ്ഥലമാണ് ഇവിടെ സ്റ്റാർട്ടപ്പുകൾക്കായി നീക്കിവെച്ചിരിക്കുന്നത്. 463 ഡെഡിക്കേറ്റഡ് സീറ്റുകളും 92 കോ-വർക്കിംഗ് സീറ്റുകളും ഉൾപ്പെടുന്ന ഡിജിറ്റൽ ഹബ്ബ് സ്റ്റാർട്ടപ്പുകളുടെ വികസനത്തിന് ആവശ്യമായ എല്ലാ അടിസ്ഥാന സൗകര്യങ്ങളും വാഗ്ദാനം ചെയ്യുന്നു.

# ആരോഗ്യം ആനന്ദം: യോഗ ക്ലാസ് നടന്നു

**കൊച്ചി:** പുതുവർഷത്തിൽ നല്ല ആരോഗ്യമെന്ന സന്ദേശവുമായി ആരോഗ്യവകുപ്പ് നടപ്പാക്കുന്ന 'ആരോഗ്യം ആനന്ദം വൈബ് 4 വെൽനെസ്' ക്യാമ്പയിന്റെ ഭാഗമായി കളക്ടറേറ്റ് ജീവനക്കാർക്കായി യോഗ ക്ലാസ് സംഘടിപ്പിച്ചു. ജില്ലാ കളക്ടർ ജി. പ്രിയങ്ക ഉദ്ഘാടനം നിർവഹിച്ചു. ഓരോ വ്യക്തിക്കും അവർക്ക് അനുയോജ്യമായ രീതിയിൽ ഒരു ഹെൽത്ത് പ്ലാൻ ഉണ്ടായിരിക്കേണ്ടത് ഇന്നത്തെ ജീവിത സാഹചര്യത്തത്തിൽ അനിവാര്യമാണെന്ന് ജില്ലാ കളക്ടർ പറഞ്ഞു. ആയുഷ് ഹെൽത്ത് ആൻഡ് വെൽനെസ്സ് സെന്റർ ഉദ്യോഗസ്ഥർ യോഗ ക്ലാസുകൾ നയിച്ചു. കളക്ടറേറ്റ് പ്ലാനിംങ് ഹാളിൽ നടന്ന ചടങ്ങിൽ അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ് വിനോദ് രാജ്, ആരോഗ്യ കേരളം ജില്ലാ പ്രോഗ്രാം മാനേജർ പ്രേസ്ലിൻ ജോർജ്, വിവിധ വകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

# ഐ.എഫ്.എഫ് ഫാഷൻ എക്സ്പോ ആറു മുതൽ; മുൻനിര ഫാഷൻ ബ്രാൻഡുകൾ അണിനിരക്കും




**കൊച്ചി:** കേരളത്തിലെ ഏറ്റവും വലിയ ബി ടു ബി ഫാഷൻ പ്രദർശനമായ ഇന്ത്യൻ ഫാഷൻ ഫെയർ (ഐ.എഫ്.എഫ് ) എക്സ്പോയുടെ നാലാം പതിപ്പ് ജനുവരി 6, 7, 8 തീയതികളിൽ അങ്കമാലി അഡ്‌ലക്സ് ഇന്റർനാഷണൽ കൺവെൻഷൻ സെന്ററിൽ നടക്കുമെന്ന് ഐഎഫ്എഫ് എക്സ്പോ ഡയറക്ടർമാരായ പി.പി സാദിഖ്, സമീർ മൂപ്പൻ, പി.വി ഷാനവാസ് ,ഷാനിർ ജോനകശ്ശേരി, പി.വി ഷഫീഖ് എന്നിവർ വാർത്താ സമ്മേളനത്തിൽ പറഞ്ഞു. രാജ്യത്തുടനീളമുള്ള ലൈഫ്സ്റ്റൈൽ ഫാഷൻ ബ്രാൻഡുകൾ, സ്ത്രീകളുടെയും കുട്ടികളുടെയും ബ്രാൻഡുകൾ എന്നിവയുടെ പ്രദർശനവുമായി രാജ്യത്തെ വസ്ത്ര വ്യാപാരികൾ, നിർമ്മാതാക്കൾ, ഹോൾസെയ്‌ലർമാർ, റീട്ടെയ്‌ലർമാർ എന്നിവർ പങ്കെടുക്കുന്ന മേള കേരളത്തിലെ ഫാഷൻ മേഖലയയുടെ ഏറ്റവും വലിയ വ്യപാര വേദിയാണ്.

ജനുവരി 6ന് രാവിലെ 10 ന് മന്ത്രി പി. രാജീവ് പ്രദർശനം ഉദ്ഘാടനം ചെയ്യും. ഫാഷൻഗാർമെന്റ് മേഖലയിലെ മികച്ച സംഭാവനകളെ ആദരിക്കുന്ന ഐ.എഫ്.എഫ് അവാർഡ് നിശ പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ ഉദ്ഘാടനം ചെയ്യും. 2023ൽ തുടക്കം കുറിച്ച ഐ.എഫ്.എഫ്. ഇന്ത്യയിലുടനീളമുള്ള പ്രമുഖ വസ്ത്ര വ്യാപാര നിർമ്മാതാക്കളെ നേരിട്ട് കേരളത്തിലെ റീട്ടെയിൽഹോൾസെയിൽ മേഖലയുമായി ബന്ധിപ്പിക്കുക എന്ന ഉദ്ദേശ്യത്തോടെയാണ് രൂപീകരിച്ചതെന്ന് ഐ.എഫ്. എഫ് എക്സ്പോ ഡയറക്ടർ സമീർ മൂപ്പൻ പറഞ്ഞു. കൽക്കത്ത, ജയ്പൂർ, സൂറത്ത്, മുംബൈ തുടങ്ങിയ പ്രധാന ഫാഷൻ ഹബ്ബുകളിൽ നിന്നുള്ള 200ലധികം പ്രമുഖ ബ്രാൻഡുകൾ പങ്കെടുക്കും.

ഏറ്റവും പുതിയ ട്രെൻഡുകളും ഡിസൈനുകളും അവതരിപ്പിക്കുന്ന വൈവിധ്യമാർന്ന പ്രദർശനമായിരിക്കും ഇത്. മൂവായിരത്തിലധികം ബിസിനസ് സന്ദർശകർ പങ്കെടുക്കുമെന്ന് സംഘാടകർ പറഞ്ഞു. പ്രദർശനത്തിന്റെ ഭാഗമായി ഫാഷൻ ഷോ, പ്രശസ്ത താരങ്ങൾ പങ്കെടുക്കുന്ന അവാർഡ് നൈറ്റ്, സാംസ്കാരിക പരിപാടികൾ എന്നിവയും സംഘടിപ്പിക്കും. പ്രമുഖ ബ്രാൻഡുകളുടെയും വെഡ്ഡിംഗ് സെന്ററുകളുടെയും പുതിയ കളക്ഷനുകൾ പ്രശസ്ത കൊറിയോഗ്രാഫർമാർ ഒരുക്കുന്ന ഫാഷൻ ഷോയിൽ അവതരിപ്പിക്കും.

# പ്രാചീന സമ്പ്രദായങ്ങളും സംഗീതോപകരണങ്ങളും ബിനാലെയിൽ കലയായി മാറുന്നു



**കൊച്ചി:** കൊച്ചിമുസിരിസ് ബിനാലെയിലെ (കെഎംബി 2025) കലാ പ്രദർശനങ്ങളെ പ്രശംസിച്ച് വിവിധ മേഖലകളിൽ നിന്നുള്ള പ്രമുഖർ. ബിനാലെ നൽകുന്ന അനുഭവം ഉന്മേഷദായകവും സൃഷ്ടികൾ അത്ഭുതം നിറയ്ക്കുന്നതുമാണെന്ന് സെലിബ്രിറ്റി സന്ദർശകർ അഭിപ്രായപ്പെട്ടു. പ്രാചീന സമ്പ്രദായങ്ങളും കരകൗശല വസ്തുക്കളും കലയായി രൂപാന്തരപ്പെടുന്നത് ശ്രദ്ധിച്ചതായി ഓസ്ട്രേലിയൻ ചലച്ചിത്ര, ടെലിവിഷൻ നിർമ്മാതാവും അക്കാദമി അവാർഡ് ജേതാവുമായ എമിൽ ഷെർമാൻ പറഞ്ഞു. കലാപരമായ വഴികൾ വെല്ലുവിളി നിറഞ്ഞതും കാര്യങ്ങൾ വ്യത്യസ്തമായി അനുഭവിക്കാൻ പ്രാപ്തമാക്കുന്നതുമാണ്.

ഇന്ത്യയുടെയും ഗ്ലോബൽ സൗത്തിന്റെയും വിശാലത യൂറോപ്പിൽ കണ്ടുപരിചയിച്ച ചില കലകളെ പൂർണമാക്കുന്നതായി അനുഭവപ്പെട്ടു. ബിനാലെയിൽ നിരവധി മികച്ച മൾട്ടിമീഡിയ വർക്കുകളും സിനിമകളും ആസ്വദിക്കാനായി. നഗരത്തിന്റെ ആകർഷകമായ ഘടനയും ഫോർട്ട് കൊച്ചിയിലെ വ്യത്യസ്ത സംസ്കാരങ്ങളുടെയും ചരിത്രത്തിന്റെയും വംശങ്ങളുടെയും പാരസ്പര്യവും പുരാതന കെട്ടിടങ്ങൾ സൃഷ്ടികളുടെ പരസ്പരബന്ധത്താൽ ജീവസുറ്റതാകുന്നതും അനുഭവിക്കാനായെന്ന് എമിൽ ഷെർമാൻ പറഞ്ഞു.

പുരാതന ഫോർട്ട് കൊച്ചി പട്ടണത്തിന്റെ ഊർജ്ജം അവിശ്വസനീയമാണ്. ബിനാലെയിലൂടെ അത് കൂടുതൽ ആഴത്തിലുള്ള അനുഭവമാകുന്നു. മുമ്പ് പലതവണ ഇന്ത്യ സന്ദർശിച്ചിട്ടുണ്ടെങ്കിലും ആദ്യമായിട്ടാണ് ഷെർമാൻ കൊച്ചിയും കെഎംബിയും സന്ദർശിക്കുന്നത്. പ്രദർശനം മുഴുവനായി കാണാൻ രണ്ട് ദിവസമെടുക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. കെഎംബി 2025 ഒരു സംഗീത പ്രകടന അനുഭവമാണ് തനിക്ക് സമ്മാനിച്ചതെന്ന് സംഗീതജ്ഞനും മോഹനവീണ വാദകനുമായ പോളി വർഗീസ് സാക്ഷ്യപ്പെടുത്തുന്നു. ആസ്പിൻവാൾ ഹൗസിൽ കണ്ട എല്ലാ കലാസൃഷ്ടികളിലും പ്രത്യേകിച്ച് സറീന മുഹമ്മദിന്റെ ഇൻസ്റ്റലേഷനിൽ സംഗീതം കേൾക്കാൻ കഴിഞ്ഞു.

സംഗീതോപകരണങ്ങൾ ഉപയോഗിച്ചുള്ള ഇൻസ്റ്റലേഷൻ ആദ്യമായിട്ടാണ് കാണുന്നത്. കലാകാരനും നർത്തകിയും സ്ഥലത്തെ വ്യാഖ്യാനിക്കുന്നതു പോലെയാണ് ഒരു സംഗീതജ്ഞൻ നിശബ്ദതയെ വ്യാഖ്യാനിക്കുന്നത്. ശൂന്യതയും നിശബ്ദതയും ധാരാളം സംസാരിക്കുന്നു. സൗന്ദര്യശാസ്ത്രം, രാഷ്ട്രീയം, തത്വചിന്ത തുടങ്ങിയ കാര്യങ്ങളിലൂടെ സ്വയം വ്യാഖ്യാനിക്കുമ്പോഴാണ് കൃതികളുമായി ബന്ധപ്പെടാൻ കഴിയുന്നതെന്നും അദ്ദേഹം പറഞ്ഞു. ലോകം എല്ലാവർക്കുമുള്ളതാണെന്ന സന്ദേശം കെഎംബി പങ്കുവയ്ക്കുന്നതായി അസമിലെ ഉൾഫ പ്രസ്ഥാനത്തെക്കുറിച്ചും കത്തുന്ന ഒരു ഗ്രാമത്തിന്റെ ചിത്രത്തെക്കുറിച്ചുമുള്ള ധീരജ് റഭയുടെ സൃഷ്ടി ചൂണ്ടിക്കാട്ടി പോളി വർഗീസ് പറഞ്ഞു.

ബിനാലെയിൽ പ്രദർശിപ്പിച്ചിരിക്കുന്ന കലാസൃഷ്ടികൾ ഉള്ളിൽ തുളച്ചുകയറുന്നതും ശക്തവുമായ സന്ദേശങ്ങൾ ഉൾക്കൊള്ളുന്നുവെന്ന് ബിനാലെയിലെത്തിയ കൊച്ചിൻ പോർട്ട് ട്രസ്റ്റ് ചെയർമാൻ ബി കാശി വിശ്വനാഥൻ ചൂണ്ടിക്കാട്ടി. ഓരോ പെയിന്റിംഗിനും ശില്പത്തിനും പിന്നിൽ ഭാവനയും സമർപ്പണവും കഠിനാധ്വാനവും പ്രകടമാണ്. ഓരോ സൃഷ്ടിയും ആഴത്തിലുള്ള അഭിനിവേശത്തെ പ്രതിഫലിപ്പിക്കുന്നുണ്ട്. അതിശയകരവും ചിന്തനീയവുമായ കലാ പ്രദർശനത്തിന് കൊച്ചി ബിനാലെ ടീം അഭിനന്ദനമർഹിക്കുന്നുവെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.




# മീറ്റ് ആന്റ് ഗ്രീറ്റ് സംഘടിപ്പിച്ച് എസ്ബിഐ ലൈഫും ബി.സി.സി.ഐയും

**കൊച്ചി:** ഇന്ത്യയിലെ പ്രമുഖ ലൈഫ് ഇൻഷുറൻസ് സ്ഥാപനങ്ങളിലൊന്നായ എസ്ബിഐ ലൈഫ് ഇൻഷുറൻസ്, ബോർഡ് ഓഫ് കൺട്രോൾ ഫോർ ക്രിക്കറ്റ് ഇൻ ഇന്ത്യ (ബി.സി.സി.ഐ)യുമായി ചേർന്ന്, കൽക്കത്തയിലെ ഉദയൻ എൻജിഒയിൽ നിന്നുള്ള അഞ്ച് യുവ പെൺകുട്ടികൾക്ക് ഇന്ത്യൻ വനിതാ ക്രിക്കറ്റ് ടീമിന്റെ അംഗങ്ങളുമായി നേരിട്ട് ഇടപഴകാനുള്ള അപൂർവമായ 'മീറ്റ് ആന്റ് ഗ്രീറ്റ്' അവസരം ഒരുക്കി.

വിശാഖപട്ടണത്തെ എ.സി.എ-വി.ഡി.സി.എ ക്രിക്കറ്റ് സ്റ്റേഡിയത്തിൽ നടന്ന പരിപാടിയിൽ ഹർമൻപ്രീത് കൗർ, സ്നേഹ് റാണ, ഷഫാലി വർമ്മ, ഹർലീൻ ദിയോൾ എന്നിവരുൾപ്പെടെയുള്ള പ്രമുഖ താരങ്ങളുമായി പെൺകുട്ടികൾ സംവദിച്ചു.

പരിശീലന നെറ്റ്സിലേക്കും കടന്ന ഇവർ പഠനത്തിന്റെയും സന്തോഷത്തിന്റെയും നിമിഷങ്ങൾ പങ്കുവച്ചു.

# ക്ലിന്റ് സ്മാരക ജില്ലാ ബാല ചിത്രരചനാ മത്സരം ജനുവരി 10ന്

**കൊച്ചി:** സംസ്ഥാന ശിശുക്ഷേമ സമിതിയുടെ 75ാം വാർഷികാഘോഷങ്ങളുടെ ഭാഗമായി നിറങ്ങളുടെ രാജകുമാരൻ ക്ലിന്റിന്റെ സ്മരണാർത്ഥം സംഘടിപ്പിക്കുന്ന ക്ലിന്റ് സ്മാരക സംസ്ഥാന ബാല ചിത്രരചനാ മത്സരത്തിന്റെ ഭാഗമായി എറണാകുളം ജില്ലാ തല മത്സരം ജനുവരി 10ന് രാവിലെ 9 മണിക്ക് എറണാകുളം ഇന്ദിരാ പ്രിയദർശനി ചിൽഡ്രൻസ് പാർക്കിൽ നടക്കുമെന്ന് ജില്ലാ ശിശുക്ഷേമ സമിതി സെക്രട്ടറി അറിയിച്ചു. 24ന് എറണാകുളത്ത് സംഘടിപ്പിക്കുന്ന സംസ്ഥാന തല മത്സരത്തിലേക്ക് ജില്ലാ മത്സരത്തിലെ ജനറൽ വിഭാഗത്തിൽ നിന്ന് ആദ്യ മൂന്ന് സ്ഥാനങ്ങൾ നേടുന്നവർക്ക് പങ്കെടുക്കാൻ അവസരം ലഭിക്കും. സംസ്ഥാന മത്സരം മറൈൻ ഡ്രൈവിനോട് ചേർന്നുള്ള ചിൽഡ്രൻസ് പാർക്കിലാണ് നടക്കുക.

ജില്ലാ മത്സരത്തിൽ ജനറൽ വിഭാഗത്തിൽ എൽ.പി, യു.പി, ഹൈസ്കൂൾ, ഹയർ സെക്കൻഡറി വിഭാഗങ്ങളിലായി മത്സരങ്ങൾ ഉണ്ടായിരിക്കും. കൂടാതെ പ്രത്യേക ശേഷി വിഭാഗത്തിൽ കാഴ്ചശക്തി കുറവുള്ളവർ, സംസാര, കേൾവി ബുദ്ധിമുട്ട് നേരിടുന്നവർ എന്നീ രണ്ട് വിഭാഗങ്ങളിലായി എൽ.പി മുതൽ ഹയർ സെക്കൻഡറി വരെ വേർതിരിച്ചാണ് മത്സരം നടത്തുന്നത്. പ്രത്യേക ശേഷി വിഭാഗത്തിനുള്ള മത്സരം ജില്ലാതലത്തിൽ മാത്രമായിരിക്കും. വിഷയവും ചിത്രരചനയും തത്സമയമായിരിക്കും. മത്സര സമയം രണ്ട് മണിക്കൂറാണ്.

പ്രത്യേക ശേഷി വിഭാഗത്തിൽ പങ്കെടുക്കുന്നവർ ഡിസബിലിറ്റി സർട്ടിഫിക്കറ്റ് ഹാജരാക്കണം. ജലഛായം, എണ്ണഛായം, പെൻസിൽ ഡ്രോയിംഗ് തുടങ്ങിയ ഏത് മാധ്യമവും ഉപയോഗിക്കാം. വരയ്ക്കുന്നതിനുള്ള പേപ്പർ സമിതിയാണ് നൽകുന്നത്. മത്സരത്തിൽ പങ്കെടുക്കുന്നവർ സ്കൂൾ ഐ.ഡി. കാർഡുമായി രാവിലെ 8 മണിക്ക് രജിസ്ട്രേഷനായി എത്തിച്ചേരണം. കൂടുതൽ വിവരങ്ങൾക്ക് :04842361050

## വോഗ് ടെക്നോളജീസ് ലിമിറ്റഡ് ഐപിഒയ്ക്ക്

**കൊച്ചി:** ആഗോളതലത്തിൽ സുസ്ഥിര അടിസ്ഥാന സൗകര്യങ്ങൾ നിർമ്മിക്കുന്ന സംയോജിത പരിസ്ഥിതി എഞ്ചിനീയറിംഗ്, സാങ്കേതികവിദ്യ കമ്പനിയായ വോഗ് ടെക്നോളജീസ് ലിമിറ്റഡ് പ്രാഥമിക പൊതു ഓഹരി വിൽപനയ്ക്ക് (ഐപിഒ) അനുമതി തേടി സെബിയ്ക്ക് പ്രാരംഭ രേഖകൾ (ഡിആർഎച്ച്പി) സമർപ്പിച്ചു. 375 കോടി രൂപയുടെ പുതിയ ഇക്വിറ്റി ഓഹരികളും നിലവിലുള്ള ഓഹരി ഉടമകളുടെ 43.28 ലക്ഷം ഇക്വിറ്റി ഓഹരികളുടെ ഓഫർ ഫോർ സെയിലുമാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഓഹരികൾ എൻഎസ്ഇയിലും ബിഎസ്ഇയിലും ലിസ്റ്റ് ചെയ്യും. യൂണിസ്റ്റോൺ ക്യാപിറ്റൽ പ്രൈവറ്റ് ലിമിറ്റഡാണ് ഐപിഒയുടെ ബുക്ക് റണ്ണിങ് ലീഡ് മാനേജർ.

# ഔദ് ഐറിഷ് വിസ്കിയുമായി എബിഡി മാസ്ട്രോ

**കൊച്ചി:** അലൈഡ് ബ്ലെൻഡേഴ്സ് ആന്റ് ഡിസ്റ്റിലേഴ്സിന്റെ (എബിഡി) സൂപ്പർപ്രീമിയം വിഭാഗമായ എബിഡി മാസ്ട്രോ ഇന്ത്യയിൽ ഔദ് ഐറിഷ് വിസ്കി അവതരിപ്പിച്ചു. ഇന്ത്യയിൽ വേഗത്തിൽ വളരുന്ന ഐറിഷ് വിസ്കി വിപണിയിലേക്കുള്ള കമ്പനിയുടെ ശക്തമായ പ്രവേശനമാണിത്. സൂപ്പർതാരം രൺവീർ സിംഗ് സഹസ്ഥാപകനും ക്രിയേറ്റീവ് പാർട്ണറുമായ എബിഡി മാസ്ട്രോ, ആഗോള നിലവാരത്തിലുള്ള പ്രീമിയം സ്പിരിറ്റ് ബ്രാൻഡുകൾ വികസിപ്പിക്കുകയാണ് ലക്ഷ്യം.

ഐറിഷ് ഭാഷയിൽ 'അഗ്നി' എന്നർത്ഥമുള്ള ഔദ് (ഐറിഷിൽ 'ഏ' എന്ന് ഉച്ചാരണം), ട്രിപ്പിൾ ഡിസ്റ്റിലേഷൻ പ്രക്രിയയിലൂടെ തയ്യാറാക്കുന്ന വിസ്കിയാണ്. വാനില, തേൻ, ടോഫി നോട്ടുകളുള്ള മൃദുവായ രുചിയാണ് ഇതിന്റെ പ്രത്യേകത. ഹരിയാനയിൽ ലോഞ്ച് ചെയ്ത ഔദ് ഐറിഷ് വിസ്കി, മഹാരാഷ്ട്രയിൽ 3,950 രൂപ (750 മില്ലി) എംആർപിയിലാണ് വിപണിയിലെത്തുക. തുടർന്ന് ഗോവ, പശ്ചിമ ബംഗാൾ, കർണാടക, ഡൽഹി ഉൾപ്പെടെയുള്ള പ്രധാന വിപണികളിലേക്കും ഇത് വ്യാപിപ്പിക്കും.

## കടന്നുപോയത് വെള്ളി വിലയിൽ വൻകുതിപ്പ് നടത്തിയ വർഷം

**കൊച്ചി:** വെള്ളി വിലയിൽ വൻ വർദ്ധനവ് രേഖപ്പെടുത്തിയ വർഷമാണ് കടന്നുപോയതെന്ന് രാജ്യത്തെ പ്രമുഖ സാമ്പത്തിക സേവനദാതാക്കളായ മോത്തിലാൽ ഓസ്വാൾ പുറത്തിറക്കിയ 'കമ്മോഡിറ്റീസ് ഇൻസൈറ്റ്' റിപ്പോർട്ട് വ്യക്തമാക്കുന്നു. ആഗോള വിപണിയിൽ വെള്ളിയുടെ വില ഔൺസിന് 75 ഡോളർ കടന്നു. ആഭ്യന്തര വിപണിയിൽ കിലോയ്ക്ക് 2.3 ലക്ഷം രൂപയെന്ന റെക്കോർഡ് വിലയിലാണ് വ്യാപാരം നടക്കുന്നത്. കഴിഞ്ഞ ഒരുവർഷത്തിനിടെ 160 ശതമാനത്തിലധികം ലാഭമാണ് വെള്ളി നിക്ഷേപകർക്ക് കരസ്ഥമാക്കാനായത്. ആഗോള ആവശ്യകതയ്ക്ക് അനുസരിച്ച് സ്റ്റോക്ക് ഇല്ലാത്തതാണ് വെള്ളി വിലയുടെ വർധനയ്ക്ക് കാരണമെന്നാണ് റിപ്പോർട്ട് ചൂണ്ടിക്കാണിക്കുന്നത്. വെള്ളിയുടെ പ്രധാന ഉപഭോക്താക്കളായ ചൈനയുടെ വെള്ളി ശേഖരം കഴിഞ്ഞ പത്തു വർഷത്തിനിടയിലെ ഏറ്റവും താഴ്ന്ന നിലയിലാണ്. ജനുവരി മുതൽ ചൈന പുതിയ കയറ്റുമതി നിയന്ത്രണങ്ങൾ നടപ്പാക്കുന്നതോടെ, വെള്ളിയുടെ ആഗോള ലഭ്യത വീണ്ടും കുറയുമെന്ന് റിപ്പോർട്ടിൽ പറയുന്നു. ഘടനാപരമായ മാറ്റത്തിലൂടെയാണ് വെള്ളി വിപണി കടന്നുപോകുന്നതെന്നും വിതരണത്തിലെ കുറവും ആവശ്യകതയിലെ വർദ്ധനവും തമ്മിലുള്ള അന്തരമാണ് വിലക്കയറ്റത്തിന് കാരണമെന്നും മോത്തിലാൽ ഓസ്വാൾ ഫിനാൻഷ്യൽ സർവീസസ് ലിമിറ്റഡിന്റെ ഗവേഷണ വിഭാഗം തലവൻ നവനീത് ദമാനി പറഞ്ഞു.

## കെ.എച്ച്.ആർ. എ: ജി. ജയപാൽ സംസ്ഥാന പ്രസിഡന്റ്

**കൊച്ചി:** കേരള ഹോട്ടൽ ആന്റ് റസ്റ്റോറന്റ് അസോസിയേഷൻ സംസ്ഥാന പ്രസിഡന്റായി ജി.ജയപാലിനെ കൊച്ചിയിൽ നടന്ന കെ.എച്ച്.ആർ.എ സംസ്ഥാന കൺവെൻഷൻ തെരഞ്ഞെടുത്തു. എൻ.അബ്ദുൾ റസാഖ്(പാലക്കാട്)നെ ജനറൽ സെക്രട്ടറിയായും സി.ബിജുലാൽ (തൃശൂർ)നെ ട്രഷററായും തെരഞ്ഞെടുത്തു. ജി. സുധീഷ്കുമാർ(തിരുവനന്തപുരം), കെ.പി. ബാലകൃഷ്ണപൊതുവാൾ (കണ്ണൂർ) രക്ഷാധികാരിമാർ, അസീസ് മൂസ(എറണാകുളം) എൻ.സുഗുണൻ(കോഴിക്കോട്) വർക്കിംഗ് പ്രസിഡന്റുമാർ, പ്രസാദ് ആനന്ദഭവൻ(പത്തനംതിട്ട), കെ. അച്ചുതൻ(കണ്ണൂർ),പി.പി.അബ്ദുൾ റഹ്മാൻ(മലപ്പുറം), വി.വീരഭദ്രൻ(തിരുവനന്തപൂരം),റോയ് ജെ (ആലപ്പുഴ),ഉണ്ണിക്കൃഷ്ണൻ ഈച്ചരത്ത്(തൃശൂർ), ഷിനാജ് റഹ്മാൻ (പാലക്കാട്) വൈസ് പ്രസിഡന്റുമാർ, അനീഷ് ബി. നായർ (വയനാട്), നാരായണ പൂജാരി(കാസർഗോഡ്), രൂപേഷ് കോളിയോട്ട് (കോഴിക്കോട്), ടി.പി. സജീർ (മലപ്പുറം), എം.എസ്. അജി(ഇടുക്കി), ടി.ജെ.മനോഹരൻ (എറണാകുളം), പ്രതീഷ് എൻ (കോട്ടയം), ആർ.ചന്ദ്രശേഖരൻ (കൊല്ലം), പി.എസ്. സജീവ്കുമാർ (തിരുവനന്തപൂരം),സി.കെ. അനിൽ (എറണാകുളം) സെക്രട്ടറിമാർ എന്നിവരാണ് മറ്റ് ഭാരവാഹികൾ. അഡ്വ.എൻ.സി.മോഹനൻ വരണാധികാരിയായിരുന്നു. രാവിലെ നടന്ന സംസ്ഥാന കൺവെൻഷൻ വ്യവസായ വകുപ്പ് മന്ത്രി പി. രാജീവ് ഉൽഘാടനം ചെയ്തു. സംസ്ഥാനം വ്യവസായ സൗഹൃദ പട്ടികയിൽ തുടർച്ചയായി ഒന്നാം സ്ഥാനത്ത് എത്തുന്നതിൽ വ്യാപാര വ്യവസായ മേഖല വഹിച്ച പങ്ക് വളരെ വലുതാണെന്ന് അദ്ദേഹം പറഞ്ഞു. ഈസ് ഓഫ് ഡൂയിംഗ് ബിസിനസിൽ തുടർച്ചയായി ഒന്നാം സ്ഥാനത്തെത്തിച്ചതിന് മന്ത്രിയെ സംസ്ഥാന പ്രസിഡന്റ് കെ.പി.ബാലകൃഷ്ണപൊതുവാൾ ആദരിച്ചു. ടി.ജെ. വിനോദ് എംഎൽഎ മുഖ്യാതിഥിയായിരുന്നു. ചടങ്ങിൽ കെ.എച്ച്.ആർ.എ സുരക്ഷ ഫണ്ട് മന്ത്രി വിതരണം ചെയ്തു. ജനറൽ സെക്രട്ടറി ജി. ജയപാൽ പ്രവർത്തനറിപ്പോർട്ടും, ട്രഷറർ മുഹമ്മദ് ഷെരീഫ് കണക്കും അവതരിപ്പിച്ചു. സ്ട്രീറ്റ് വെന്റേഴ്സ് ആക്ടിന്റെ പരിധിയിൽ നിന്നുകൊണ്ട് സംസ്ഥാനത്തൊട്ടാകെ ഫുഡ് സ്ട്രീറ്റുകൾ ആരംഭിക്കുവാൻ കൺവെൻഷൻ തീരുമാനിച്ചതായി സംസ്ഥാന പ്രസിഡന്റ് ജി. ജയപാലും ജനറൽ സെക്രട്ടറി എൻ.അബ്ദുൾ റസാഖും അറിയിച്ചു.

## പരീക്ഷാ പേ ചർച്ച; രജിസ്ട്രേഷൻ മൂന്നു കോടി കടന്നു

**ന്യൂഡൽഹി:** പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ മുൻനിര സംരംഭമായ പരീക്ഷാ പേ ചർച്ച 2025 ഡിസംബർ 30 വരെ വിദ്യാർത്ഥികൾ, മാതാപിതാക്കൾ, അധ്യാപകർ എന്നിവരിൽ നിന്ന് ലഭിച്ച മൂന്നു കോടിയിലധികം രജിസ്ട്രേഷനുകളുമായി സുപ്രധാന നാഴികക്കല്ല് പിന്നിട്ടു. പരിപാടിയുടെ വർദ്ധിച്ചുവരുന്ന ജനപ്രീതിയെയും, പരീക്ഷകളോടുള്ള പോസിറ്റീവും ആത്മവിശ്വാസമുള്ളതുമായ സമീപനം പ്രോത്സാഹിപ്പിക്കുന്നതിനൊപ്പം വിദ്യാർത്ഥികളുടെ മാനസികാരോഗ്യവും അഭിസംബോധന ചെയ്യുന്നതിലെ വിജയത്തെയുമാണ് വർധിച്ച രജിസ്ട്രേഷനുകൾ ചൂണ്ടികാണിക്കുന്നത്. പരീക്ഷാ പേ ചർച്ച 2026ന്റെ ഓൺലൈൻ രജിസ്ട്രേഷനുകൾ 2025 ഡിസംബർ 1ന് MyGov പോർട്ടലിൽ ആരംഭിച്ചു. വിദ്യാഭ്യാസ മന്ത്രാലയത്തിന് കീഴിലുള്ള സ്കൂൾ വിദ്യാഭ്യാസ, സാക്ഷരതാ വകുപ്പ് വർഷം തോറും സംഘടിപ്പിക്കുന്ന ഈ സംരംഭം, വിദ്യാർത്ഥികളെയും രക്ഷിതാക്കളെയും അധ്യാപകരെയും ഒരു പൊതു വേദിയിൽ ഒരുമിച്ച് കൊണ്ടുവരുന്ന, പഠനത്തിന്റെയും സംവാദത്തിന്റെയും ആഘോഷമായി മാറിയിരിക്കുന്നു.



# എയർ ഇന്ത്യ എക്സ്പ്രസിന്റെ പുതിയ ബോയിംഗ് വിമാനം എത്തി

**കൊച്ചി:** ആധുനികവൽക്കരണത്തിന്റെ ഭാഗമായി എയർ ഇന്ത്യ എക്സ്പ്രസ് കസ്റ്റമൈസ് ചെയ്തു വാങ്ങിയ പുതിയ ബോയിംഗ് വിമാനം ഇന്ത്യലെത്തി. ടാറ്റാ ഗ്രൂപ്പ് ഏറ്റെടുത്തതിന് ശേഷം എയർ ഇന്ത്യ എക്സ്പ്രസ് വാങ്ങുന്ന 51ാമത് ബി7378 ലൈൻ ഫിറ്റ് വിമാനമാണ് കഴിഞ്ഞ ദിവസം ഡൽഹിയിൽ എത്തിയത്. സിയാറ്റിലിലെ ബോയിംഗിന്റെ കേന്ദ്രത്തിൽ നിന്നെത്തിയ വിമാനത്തിന്റെ ഉൾഭാഗം മികച്ച യാത്രാനുഭവം ഒരുക്കുന്ന തരത്തിലാണ് രൂപകൽപ്പന ചെയ്തിട്ടുള്ളതെന്ന് എയർ ഇന്ത്യ എക്സ്പ്രസ് മാനേജിംഗ് ഡയറക്ടർ അലോക് സിംഗ് പറഞ്ഞു. പുതുവർഷത്തിൽ ഈ വിമാനത്തിന്റെ സർവീസ് ആരംഭിക്കും. കൂടുതൽ യാത്രാസുഖം നൽകുന്ന സീറ്റുകൾ, വിശാലമായ ലെഗ്റൂം, ഓരോ സീറ്റിലും ഫാസ്റ്റ് ചാർജറുകൾ, വലിയ ഓവർഹെഡ് ക്യാബിൻ, നിശബ്ദമായ അകത്തളം, മൂഡ് ലൈറ്റിങ്ങോട് കൂടിയുള്ള ബോയിംഗിന്റെ സ്കൈ ഇന്റീരിയർ എന്നിവയും വിമാനത്തിലുണ്ട്. കൂടാതെ ചൂടുള്ള ഗോർമേർ ഭക്ഷണം വിളമ്പുന്നതിനായി വിമാനത്തിൽ ഓവനുകളും സജ്ജീകരിച്ചിട്ടുണ്ട്. പുതിയ വിമാനം കൂടി എത്തിയതോടെ രാജ്യത്ത് ഏറ്റവും കൂടുതൽ ബോയിംഗ് വിമാനങ്ങളുള്ള കമ്പനിയായി എയർ ഇന്ത്യ എക്സ്പ്രസ്. നിലവിൽ 100ലധികം വിമാനങ്ങളാണ് എയർ ഇന്ത്യ എക്സ്പ്രസിനുള്ളത്. 2025ൽ മാത്രം നാല് എ321 നിയോ, നാല് എ320 നിയോ, മൂന്ന് എ320 സിയോ വിമാനങ്ങളും എയർ ഇന്ത്യ എക്സ്പ്രസിന്റെ ഫ്ളീറ്റിൽ ഉൾപ്പെടുത്തിയിരുന്നു. പൂർണമായും കസ്റ്റമൈസ് ചെയ്ത ബോയിംഗ് ബി 7378 ലൈൻ ഫിറ്റ് വിമാനത്തെ തങ്ങളുടെ ഫ്ളീറ്റിൽ ഉൾപ്പെടുത്തിയതിൽ വളരെയധികം അഭിമാനിക്കുന്നതായും അലോക് സിംഗ് പറഞ്ഞു. തങ്ങളുടെ ഫ്ളീറ്റിലെ മൂന്നിൽ രണ്ടും കൂടുതൽ മെച്ചപ്പെട്ട യാത്രാ സുഖവും മികച്ച ഇന്ധനക്ഷമതയും നൽകുന്ന ആത്യാധുനിക ബി7378, എ320/ എ321 നിയോ വിമാനങ്ങളാണ്. 2025ൽ പുതിയ 12 സ്ഥലങ്ങൾ ഉൾപ്പടെ 60 ഇടങ്ങളിലേക്ക് വിമാന സർവ്വീസ് വ്യാപിപ്പിച്ചു. മിഡിൽ ഈസ്റ്റ്, സൗത്ത് ഏഷ്യ, സൗത്ത് ഈസ്റ്റ് ഏഷ്യ ഉൾപ്പടെ ഇന്ത്യയിലെ രണ്ട്, മൂന്ന് നിര നഗരങ്ങൾ വരെ ബന്ധിപ്പിക്കുന്ന എയർ ഇന്ത്യ എക്സ്പ്രസ് രാജ്യത്തെ വ്യോമയാന മേഖലയിൽ സുപ്രധാന പങ്കാണ് വഹിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു. വിമാനങ്ങളിൽ ഏകീകൃത കൊണ്ടുവരുന്നതിനായി നിലവിൽ സർവീസിലുള്ള 50 ബോയിംഗ് 7378 വിമാനങ്ങളിലും പുതിയ സീറ്റുകൾ സ്ഥാപിക്കുന്ന പ്രവൃത്തികൾ കമ്പനി ആരംഭിച്ചിട്ടുണ്ട്. രണ്ട് വിമാനങ്ങളുടെ നവീകരണം ഇതിനകം പൂർത്തിയായിട്ടുണ്ട്. പുതിയ വിമാന നിരയ്ക്കൊപ്പം എക്സ്പ്ലോർ മോർ, എക്സ്പ്രസ് മോർ എന്ന പുതിയ കാമ്പയിനും കമ്പനി തുടക്കമിട്ടു. കൂടാതെ ടെയിൽസ് ഓഫ് ഇന്ത്യയിലൂടെ ഇന്ത്യയുടെ കലാ സാംസ്കാരിക വൈവിധ്യം ആഘോഷിക്കുന്നതിനായി 25 സംസ്ഥാനങ്ങളിൽ നിന്നുള്ള 50ലധികം കലാരൂപങ്ങളാണ് എയർ ഇന്ത്യ എക്സ്പ്രസ് വിമാനങ്ങളുടെ ടെയിൽ ആർട്ടിലുള്ളത്.

# 9.3 ദശലക്ഷം ഹെൽമെറ്റുകൾ വിറ്റഴിച്ച് സ്റ്റീൽബേർഡ്

**തിരുവനന്തപുരം:** ആഗോള ഹെൽമെറ്റ് നിർമ്മാതാക്കളായ സ്റ്റീൽബേർഡ് ഹൈടെക് ഇന്ത്യ ലിമിറ്റഡ് 2025ൽ 9.3 ദശലക്ഷം ഹെൽമെറ്റുകൾ വിറ്റഴിച്ച് റെക്കോർഡ് നേട്ടം കൈവരിച്ചതായി കമ്പനി അധികൃതർ. 2024ൽ 8.75 ദശലക്ഷം ഹെൽമറ്റ് വിൽപന നടത്തിയ സ്റ്റീൽബേർഡ് 2025ലും ഏറ്റവും കൂടുതൽ ഹെൽമറ്റ് വിൽപന നടത്തിയെന്ന ബഹുമതിയാണ് സ്വന്തമാക്കിയത്. അത്യാധുനിക സാങ്കേതികവിദ്യകൾ, ലോകോത്തര നിർമ്മാണ സംവിധാനങ്ങൾ, നെക്സ്റ്റ് ജനറേഷൻ സുരക്ഷാ ഫീച്ചറുകൾ എന്നിവയാണ് സ്റ്റീൽബേർഡ് ഉൽപ്പന്നങ്ങളുടെ സവിശേഷതയെന്ന് കമ്പനി അറിയിച്ചു.

സുരക്ഷയിൽ വിട്ടുവീഴ്ച ചെയ്യാത്ത ബിൽറ്റ് ഇൻഹൗസ്, റോബോട്ടിക് പെയിന്റിംഗ് സിസ്റ്റങ്ങൾ, പ്രിസിഷൻ മോൾഡിംഗ്, ഓട്ടോമേഷൻ ലൈനുകൾ, കർശനമായ മൾട്ടിസ്റ്റേജ് ഗുണനിലവാര പരിശോധനകൾ, അത്യാധുനിക ടെസ്റ്റിംഗ് ലാബുകൾ ഐഎസ്ഐ, ഇസിഇ 22.06, ഡോട്ട് തുടങ്ങിയ ആഗോള മാനദണ്ഡങ്ങൾ പാലിച്ചാണ് ഹെൽമറ്റുകൾ നിർമ്മിക്കുന്നത്.

മൊറോക്കോയിലെ മാരാകേച്ചിൽ 2025 ഫെബ്രുവരി 18 മുതൽ 20 വരെ നടന്ന റോഡ് സുരക്ഷയെക്കുറിച്ചുള്ള നാലാമത് ആഗോള മന്ത്രിതല സമ്മേളനത്തിൽ സ്റ്റീൽബേർഡ് തങ്ങളുടെ ആഗോള സംരംഭമായ 'മിഷൻ സേവ് ലൈവ്സ്' ആരംഭിച്ചു. രാജ്യത്തുടനീളമുള്ള കമ്മ്യൂണിറ്റി വിദ്യാഭ്യാസ, ഹെൽമെറ്റ് വിതരണ സംരംഭങ്ങളെ പിന്തുണയ്ക്കുന്ന സ്റ്റീൽബേർഡ് എൻജിഒകൾ, കോർപ്പറേറ്റുകൾ, സിഎസ്ആർ സംഘടനകൾ, അന്താരാഷ്ട്ര ഏജൻസികൾ എന്നിവയുമായി സഹകരിച്ച് ഗ്രാമങ്ങളിലും സ്കൂളുകളിലും ഓരോ വർഷവും ഏകദേശം 500,000 ഹെൽമെറ്റുകൾ വിതരണം ചെയ്യുന്നുണ്ട്

# മീഡിയ ആൻഡ് എന്റർടൈൻമെന്റ് എംബിഎ: ഉപദേശക സമിതി രൂപീകരിച്ചു

**കൊച്ചി:** വിസ്ലിങ് വുഡ്സ് ഇന്റർനാഷണലും (ഡബ്ല്യു.ഡബ്ല്യു.ഐ) ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് മുംബൈയും (ഐ.ഐ.എം മുംബൈ) ചേർന്ന് ആരംഭിക്കുന്ന മീഡിയ ആന്റ് എന്റർടെയ്ൻമെന്റ് എംബിഎ പ്രോഗ്രാമിനായി പ്രമുഖ വ്യവസായ നേതാക്കളടങ്ങുന്ന ഉപദേശക സമിതി രൂപീകരിച്ചു. സിനിമ, ടെലിവിഷൻ, ഒടിടി, സ്പോർട്സ്, ആനിമേഷൻ, ഗെയിംസ്, സംഗീതം, ഇവന്റ്സ്, മീഡിയ ആന്റ് കമ്മ്യൂണിക്കേഷൻ തുടങ്ങി മീഡിയ എന്റർടെയ്ൻമെന്റ് മേഖലയുടെ എല്ലാ പ്രധാന വിഭാഗങ്ങളെയും പ്രതിനിധീകരിക്കുന്നതാണ് ബോർഡ്. പാഠ്യപദ്ധതി രൂപീകരണം, ഇൻഡസ്ട്രി ഇന്റഗ്രേഷൻ, തന്ത്രപരമായ ദിശ നിർണയം എന്നിവയിൽ സമിതി നിർണായക മാർഗനിർദേശങ്ങൾ നൽകും.

വെബർ ഷാൻഡ്വിക്ക് സിഇഒ ശശികാന്ത് സോമേശ്വർ, ബുക്ക് മൈ ഷോ സിഇഒ ആശിഷ് സക്സേന, ധർമ്മ പ്രൊഡക്ഷൻസ് സിഇഒ അപൂർവ മേത്ത, പ്രൊഡ്യൂസർ, വയാകോം18 സ്റ്റുഡിയോസ് സിഇഒ അജിത് അന്ധാരെ, മീഡിയ ആന്റ് എന്റർടൈൻമെന്റ്, ഏണസ്റ്റ് ആന്റ് യംഗ് പങ്കാളി ആശിഷ് ഫെർവാനി, പുന്നർയുഗ് ആർടിഷൻ സ്ഥാപകൻ ആശിഷ് കുൽക്കർണി, ടേൺകീ മ്യൂസിക് ആൻഡ് പബ്ലിഷിംഗ് പ്രൈവറ്റ് ലിമിറ്റഡ് എംഡി അതുൽ ചുരമണി, നോഡ്വിൻ ഗെയിമിംഗ് സഹസ്ഥാപകൻ അക്ഷത് രതി, മാഡോക്ക് ഫിലിംസ് സ്ഥാപകൻ ദിനേശ് വിജൻ, യൂണിവേഴ്സൽ മ്യൂസിക് ഗ്രൂപ്പ് ഇന്ത്യ എസ്എ, എസ്‌വിപി സ്ട്രാറ്റജി, ആഫ്രിക്ക, എം. ഈസ്റ്റ് ആന്റ് ഏഷ്യ ചെയർമാനും സിഇഒയുമായ ദേവരാജ് സന്യാൽ, ആമസോൺ പ്രൈം വീഡിയോ എപിഎസി ആന്റ് എഎൻഇസഡ് വിപി ഗൗരവ് ഗാന്ധി, റെഡ് ചില്ലീസ് വിഎഫ്എക്സ് സിഇഒ കീതൻ യാദവ്, ലക്ഷ്യ ഡിജിറ്റൽ, ഇന്ത്യ സിഇഒയും കീവേഡ്സ് സ്റ്റുഡിയോസ് മേധാവിയുമായ മാനവേന്ദ്ര ശുകുൽ, നസാര ടെക്നോളജീസ് സിഇഒയും എംഡിയുമായ നിതീഷ് മിറ്റർസൈൻ, ജിയോസ്റ്റാർ സ്പോർട്സ് ആന്റ് ലൈവ് എക്സ്പീരിയൻസ് പ്രൊഡക്ഷൻ ടെക്നോളജി ആന്റ് സർവീസസ് മേധാവി പ്രശാന്ത് ഖന്ന, ഗ്രീൻ ഗോൾഡ് ആനിമേഷൻ പ്രൈവറ്റ് ലിമിറ്റഡ് സ്ഥാപകനും എംഡിയുമായ രാജീവ് ചിലാക്ക, ജെറ്റ്ലൈൻ ഗ്രൂപ്പ് ഓഫ് കമ്പനീസ് ചെയർമാനും എംഡിയും, ജെറ്റ്സിന്തസിസ് സിഇഒയുമായ രാജൻ നവാനി, കൊമ്മ്യൂനെ ഇന്ത്യ സ്ഥാപകൻ റോഷൻ അബ്ബാസ്, അപ്ലാസ് എന്റർടൈൻമെന്റ് എംഡി സമീർ നായർ, ഇ ഫാക്ടർ എക്സ്പീരിയൻസ് സഹസ്ഥാപകനും എംഡിയുമായ സമിത് ഗാർഗ്, ഡബ്ല്യുപിപി മീഡിയ എംഡി വിനിത് കാർണിക് എന്നിവരാണ് ഉപദേശക സമിതി അംഗങ്ങൾ.

